കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

## 2015-16


ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി5 /50/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@gov.in
വെബ് -www.lfa.kerala.gov.in
ഫോൺ - 0495 2371012
തീയതിഃ 19-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആയഞ്ചേരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി5/50/2017 തിയ്യതി: 19-01-2017

## കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015മുതൽ 14.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും റാന്റം പരിശോധന നടത്തി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര് | ശ്രീ കെ.കെ സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.12..2016 മുതൽ 26.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പ്രബോധ്കുമാർ ഇ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശ്യാംജിത്ത്. എം , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ദേവാനന്ദ്.ടി, ഓഡിറ്റർ |
| | ശ്രീ ഇല്യാസ്.ടി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|
| പേര് | കാലയളവ് |
| ശ്രീ ടി.എൻ അബ്ദുൾ നാസർ | 01.04.2015മുതൽ 30.11.2015 വരെ |
| ശ്രീമതി എം.എം നഷീദ | 01.12..2015 മുതൽ 31.03.2016 വരെ |

| സെക്രട്ടറി | |
|---|---|
| പേര് | കാലയളവ് |
| ശ്രീ സി.എച്ച് ഹരിദാസൻ | 01.04.2015മുതൽ 02.05.2015 വരെ |
| ശ്രീ എ. സുധീർ (അധികചുമതല) | 03.05.2015മുതൽ 22.06.2015 വരെ |
| ശ്രീമതി കെ.ലീല (അധികചുമതല) | 23.06.2015മുതൽ 26.06.2015 വരെ |
| ശ്രീ കെ. വൽസലൻ (അധികചുമതല) | 27.06.2015മുതൽ 23.07.2015 വരെ |
| ശ്രീ വി.പി മോഹൻരാജ് | 24.07.2015മുതൽ 31.03.2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ കെ.വൽസലൻ | 01.04.2015മുതൽ 18.08.2015 വരെ |
| | ശ്രീ പി.ബി സജി | 19.08.2015മുതൽ 07.09.2015 വരെ |
| | ശ്രീ ടി.വി സുജിത്ത് | 08.09.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി പി. സനിഷ | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി എ. ഷംന | 01.04.2015മുതൽ 16.04.2015 വരെ |
| | ശ്രീ എം.വിനോദ് കുമാർ | 17.04.2015മുതൽ 19.07.2015 വരെ |
| | ശ്രീ ടി.ദിലീപ്കുമാർ | 20.07.2015മുതൽ 27.01.2016 വരെ |
| | ശ്രീ നിഷാന്ത്.കെ.രാമൻ | 28.01.2016 മുതൽ 14.03.2016 വരെ |
| | ശ്രീമതി സി.ധന്യ ജോയ് | 15.03.2016 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ചിത്ര.ആർ.നായർ | 01.04.2015മുതൽ 28.04.2015 വരെ |
| | ശ്രീ എസ്.എസ് ശ്രീനേഷ് | 29.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. കെ.എം ജ്യോതി | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എസ്.എൻ പ്രസന്നകുമാരി | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ സുധാകരൻ മേലത്ത് | 01.04.2015മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ടി.ജനീഷ് | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി എം.ശോഭന | 01.04.2015മുതൽ 30.09.2015 വരെ |
| | ശ്രീമതി കെ.പി ഷീജ | 01.10.2015മുതൽ 20.01.2016 വരെ |
| | ശ്രീമതി പി.പ്രസന്ന | 21.01.2016 മുതൽ 09.03.2016 വരെ |
| | ശ്രീമതി വി.ടി ഷീജ | 10.03.2016 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 11 | വാർഷിക ധനകാര്യ പത്രിക, ഫണ്ട് വിനിയോഗ പത്രിക എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ | 2-1 | |
| 12 | ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു | 2-2 | |
| 13 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കു ചട്ടം പാലിക്കാതെ നികുതി ഇളവ് നൽകി | 2-3 | |
| 14 | വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് - മാർഗനിർദേശങ്ങൾ പാലിക്കുന്നില്ല | 2-4 | |

| | | | |
|---|---|---|---|
| 15 | വസ്തുനികുതി വരവ് പരിശോധന – പൊതു അപാകതകൾ | 2-5 | |
| 16 | തൊഴിൽ നികുതി വരവ്: അപാകതകൾ | 2-6 | |
| 17 | പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു | 2-7 | |
| 18 | സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-8 | |
| 19 | അഗ്നിശമന സേനാവിഭാഗത്തിൽ നിന്നും അംഗീകാര സാക്ഷ്യപത്രം ലഭ്യമാകാതെ കെട്ടിടനിർമ്മാണ അനുമതി നല്കി | 2-9 | |
| ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 20 | IRC സ്പെഫിക്കേഷന് വിരുദ്ധമായി റോഡ് പ്രവൃത്തികളിൽ ക്വാറിപ്പൊടി ഉപയോഗിക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-1 | |
| 21 | റോഡ് പ്രവൃത്തികൾ ഭാഗികമായി ചെയ്യുന്നു. പഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ നഷ്ടം വരാൻ സാധ്യത | 3-2 | |
| 22 | വിവിധ റോഡ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില കണക്കാക്കി നിരക്ക് അനുവദിച്ചു. | 3-3 | |
| 23 | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണത്തിൽ ബാഹുല്യം - നടപ്പിലാക്കിയവയുടെ എണ്ണത്തിൽ വൻ കുറവ് | 3-4 | |
| 24 | പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 3-5 | |
| 25 | മാർഗരേഖ പാലിക്കാതെ ഭക്ഷണവിതരണം നടത്തി | 3-6 | |
| 26 | സ്പോർട്സ് ഉപകരണങ്ങൾ വിതരണം നടത്തിയതിലെ അപാകതകൾ | 3-7 | |

| | | | |
|---|---|---|---|
| 27 | കൊതുക് നശീകരണത്തിനായി മരുന്ന തളിക്കൽ - പാഴ്ച്ചെലവ്, മാർഗരേഖയ്ക്ക് വിരുദ്ധം | 3-8 | |
| 28 | പാചക തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് വിതരണം - പദ്ധതി പ്രയോജനം ചെയ്തില്ല | 3-9 | |
| 29 | പാലുൽപാദന ഇൻസന്റീവ് വിതരണം - കാലിത്തീറ്റ വിതരണക്കാർക്ക് തുക നല്കിയതിലെ അവ്യക്തത | 3-10 | |
| 30 | എൻ.ആർ.എച്ച്.എം ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 3-11 | |
| 31 | തെരുവ് വിളക്കുകൾ വാങ്ങൽ - ക്രൂസിൽ നിന്നും വാങ്ങിയ വിളക്കുകൾക്ക് ഗുണനിലവാരമില്ല – തുടർനടപടി സ്വീകരിച്ചില്ല | 3-12 | |
| 32 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുക നൽകിയില്ല | 3-13 | |
| 33 | ടെണ്ടർ നടപടികൾ കൂടാതെ അങ്കണവാടികളിലേക്ക് ഫർണ്ണീച്ചറുകളും കളിയുപകരണങ്ങളും വാങ്ങി | 3-14 | |
| 34 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലേക്ക് വാങ്ങിയ ഫിസിയോതെറാപ്പി ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല | 3-15 | |
| 35 | അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത | 3-16 | |
| 36 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം - രേഖകൾ ഹാജരാക്കിയില്ല | 3-17 | |
| 37 | ചെലവ് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-18 | |

| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
|---|---|---|---|
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 47 | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 25.03.2015 തീയതിയിലെ 20/മാർച്ച്/15നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 02.03.2016ലെ 02/ഫെബ്രുവരി/16(2) നമ്പർ തീരമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 21.07.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 15.12.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,72,80,577.80 |
| വരവ് | 2,62,00,038.00 |
| ആകെ | 6,34,80,615.80 |
| ചെലവ് | 4,39,61,620.00 |
| നീക്കിയിരിപ്പ് | 1,95,18,995.80 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 5601529 | 31000 | 11439054 | 10763994 | (+)5806525<br>(-)675060 |
| വികസനഫണ്ട് (എസ്.സി.പി) | 1137142 | 1145200 | 2282342 | 1195200 | 1087142 |
| വികസനഫണ്ട് (ടി.എസ്.പി) | -- | 21000 | 21000 | 21000 | |
| സംരക്ഷണഗ്രാന്റ് (റോഡ്) | 5061361 | 5274000 | 10335361 | 4555478 | |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 1671367 | 2673000 | 4344367 | 2177250 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2111905 | 5499253 | 7611158 | 4438231 | (-)3172927 |
| പെർഫോമൻസ് ഗ്രാന്റ് | 3046456 | 644048 | 3690504 | 2144048 | (-)1546456 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്. | 41563 | 8340277 | 8381840 | 8372164 | |
| ബി ഫണ്ട് | -- | 14587990 | 14587990 | 14587990 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 73104585 | 111 | 32678560 | 14 | 132 | 43.19 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

- ഇല്ല –

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.27ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 42,15,086 | 33,31,578 | 8,83,508 | - 20.96 |
| നികുതിയേതര വരവുകൾ | 4,46,940 | 5,65,387 | 1,18,447 | + 26.50 |
| മറ്റുവരവുകൾ | 23,515 | 73,965 | 50,450 | + 214.54 |
| ആകെ | 46,85,541 | 39,70,930 | 7,14,611 | - 15.25 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,24,000 | 197 |
| കർഷകതൊഴിലാളി പെൻഷൻ | 32,11,290 | 825 |
| വിധവാപെൻഷൻ | 50,66,400 | 957 |
| വാർദ്ധക്യകാലപെൻഷൻ | 39,45,540 | 747 |
| വികലാംഗപെൻഷൻ | 16,96,400 | 290 |
| അവിവാഹിത പെൻഷൻ | 1,04,360 | 19 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,40,000 | 08 |

(തൊഴിൽരഹിത വേതനം, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം എന്നിവ ഒഴികെയുള്ളതെല്ലാം ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ മുഖേന നൽകിയിട്ടുള്ളവയാണ്.)

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 16,935/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ /തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 09/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2005 മുതൽ 02.11.2005 വരെ | 1997-98 മുതൽ 2004-05 വരെ | എൽ.ബി.എ(എച്ച്.ക്യു) III/ 8എ-887/920 തീയതി 16.02.2006 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രിക, ഫണ്ട് വിനിയോഗ പത്രിക എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ

### വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. വസ്തുനികുതിയുമായി ബന്ധപ്പെട്ട ന്യൂബിൽഡിംഗ് രജിസ്റ്റർ, അസസ്മെന്റ് രജിസ്റ്റർ എന്നിവ ഒഴികെയുള്ള രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യ പത്രികയിലെ വരവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ലേല രജിസ്റ്റർ പ്രകാരമുള്ള തുക വാർഷികധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

4. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയുടെ മൂല്യം പൂർണ്ണമായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ വാറ്റ്, ഐറ്റി, ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

6. പഞ്ചായത്തിനു പിരിഞ്ഞു കിട്ടാനുള്ള / ലഭിക്കാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

7. അക്കൗണ്ട് പൊരുത്തപ്പെടൽ പത്രിക എല്ലാ മാസവും തയ്യാറാക്കിയിട്ടില്ല.

8. ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവയുടെ രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

9. കോൺട്രാക്ടേഴ്സ് ഇ.എം.ഡി, ലേലഡെപ്പോസിറ്റ് എന്നിവയുടെ രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

## 2-2 ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തുനികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപ യോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങ ളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാ തെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്.

ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീ യിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ ( സ.ഉ (അച്ചടി) നം.88/2013/ത.സ്വ.ഭ.വ തീയതി 13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമ്മിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന

വസ്തുനികുതിയിന്മേൽ വരുത്തേണ്ട 15% വർധനയും വരുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു 2015-16 വർഷം നികുതിയിനത്തിൽ സംഭവിച്ച നഷ്ടത്തിന്റെ ഉദാഹരണം താഴെ നൽകുന്നു.

| കെട്ടിടമുടമയുടെ വിശദാംശങ്ങൾ | ചട്ടത്തിനു വിരുദ്ധമായി കെട്ടിടത്തിനു നൽകിയ വിവിധ നമ്പറുകൾ | വിസ്തീർണം (ച.മീ) | ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിൽ ഈടാക്കിയ നികുതി | കെട്ടിടത്തിന്റെ ആകെ വിസ്തീർണം | ചട്ടവിരുദ്ധമായി നമ്പറിട്ടില്ലായിരുന്നെങ്കിൽ ഈടാക്കേണ്ട നികുതി @50 | നികുതി നഷ്ടം |
|---|---|---|---|---|---|---|
| മുറിച്ചാണ്ടിയിൽ ഷമീമ | 7/81 എ | 11.90 | | | | |
| | 7/81 ബി | 40.24 | | | | |
| | 7/81 സി | 37.44 | | | | |
| | 7/81 ഡി | 6.48 | | | | |
| | 7/81 ഇ | 106.58 | | | | |
| | ആകെ | 202.64 | | 202.64 | 10132 | |
| | ഇളവ്/ വർധനവ് | | | | | |
| | ഒന്നാം നില വിസ്തീർണം | 106.58 | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | ബഹുനില ഇളവ് | | | | 507 | |
| | ഇളവും വർധനവും വരുത്തിയ ശേഷമുള്ള നികുതി | | 8154 | | 9625 | 1471 |

ചട്ടവിരുദ്ധമായി നമ്പർ നൽകിയതിനു വിശദീകരണം നൽകേണ്ടതും വസ്തു നികുതി പരിഷ്കരണം നടത്തിയതു മുതൽ നാളിതു വരെ നികുതി നിർണയിക്കപ്പെട്ട കെട്ടിടങ്ങളുടെ കാര്യത്തിൽ സമാനമായ അപാകത ഉണ്ടോയെന്നു പരിശോധിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കു ചട്ടം പാലിക്കാതെ നികുതി ഇളവ് നൽകി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനനികുതിയും സർചാർജും ) ചട്ടങ്ങളിലെ ചട്ടം 21 (1) പ്രകാരം ഏതെങ്കിലും കെട്ടിടം ഒരർദ്ധ വർഷം 60 ദിവസത്തിൽ കൂടുതൽ ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ഒഴിഞ്ഞു കിടക്കുന്ന ദിവസത്തിനാനുപാതികമായി വാർഷികനികുതിയുടെ പകുതിയിൽ കുറയാത്ത തുക സെക്രട്ടറിക്കു ഇളവ് ചെയ്തു നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇങ്ങനെ നികുതി ഇളവ് ചെയ്ത സമയത്ത് താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഒഴിഞ്ഞു കിടക്കലിനെ സംബന്ധിച്ച് കെട്ടിടമുടമ അപേക്ഷ നൽകിയാലേ നികുതിയിളവ് നൽകാവൂ എന്ന വ്യവസ്ഥ പാലിക്കാതെ 2015-16 രണ്ടാം അർധവർഷം താഴെ പറയുന്നവർക്ക് നികുതിയിളവ് നൽകി. ടി കെട്ടിടമുടമകൾ അപേക്ഷ സമർപ്പിക്കുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് |
|---|---|---|
| 1 | 7/318 ഇ | യൂസുഫ് വണ്ണാന്റെ വിട |
| 2 | 8/380 കെ1, എൻ,ഒ,എ ബി ,<br>എ1 മുതൽ എ9 വരെ, എ20,22,23 | കുഞ്ഞബ്ദുല്ല, സഫിയ കനവത്ത് |
| 3 | 11/306 ബി,എഫ്,ജെ,ഒ,ഇ1 | കുഞ്ഞിമൂസ ചുണ്ടയിൽ മുതൽ പേർ |
| 4 | 7/613 ബി | രാമത്ത് അബ്ദുസലീം |
| 5 | 11/306 എഫ്1,എൽ,എം,പി | ബാലൻ നായർ പടിഞ്ഞാറെ മലമ്മൽ |

| | | |
|---|---|---|
| 6 | 11/306 ഡി,ജി,കെ,എഫ്2<br><br>11/304ജി | പുനത്തിൽ മൊയ്തു ഹാജി മുതൽ പേർ |
| 7 | 11/306 എസ്,11/310 എ | രാജീവൻ കാഞ്ഞിരോളി |
| 8 | 10/431 മുതൽ 434 വരെ | വി കെ കുഞ്ഞമ്മദ് കുട്ടി |
| 9 | 11/306 ക്യു,യു,ടി.എൻ | ശശിധരൻ പുതിയോട്ടും കണ്ടി |
| 10 | 8/380 എ 29,എ30,എ31,എ32,എ33 | ആലാറ്റിൽ താമസിക്കും<br>പി പി ജാബിർ മുതൽ പേർ |
| 11 | 10/537,538 | രജിത രാധാകൃഷ്ണൻ |

2. മേൽ ചട്ടങ്ങളിലെ ചട്ടം 21 (ബി) (2) പ്രകാരം ഒഴിഞ്ഞു കിടക്കുന്നതായി കാണിച്ച് സെക്രട്ടറിക്ക് കെട്ടിടമുടമ നോട്ടീസ് നൽകുന്ന തീയതിയോ ഒഴിഞ്ഞു കിടക്കൽ ആരംഭിച്ച തീയതിയോ ഏതാണോ അവസാനം ആ തീയതി മുതലാണ് ഇളവ് നൽകുവാനുള്ള കാലയളവ് ആരംഭിച്ചതായി കണക്കാക്കേണ്ടത്. ഇങ്ങനെയല്ലാതെയും ചില കെട്ടിടങ്ങൾക്ക് ഇളവ് നൽകിയതായി കാണുന്നു

| വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | ഒഴിഞ്ഞു കിടക്കൽ ആരംഭിച്ച/ അപേക്ഷ ലഭിച്ച തീയതിഏതാണോ അവസാനം | ഇളവ് നൽകൽ ആരംഭിച്ച തീയതി |
|---|---|---|---|
| 7/280 ഐ<br>മുതൽ കെ വരെ | നാളോം കൊറോൽ<br>സമീറ | 31.04.2015 | 01.04.2015 |
| 11/895എ,11/906 | നാളോം കൊറോൽ<br>ഇബ്രായി | 31.04.2015 | 01.04.2015 |
| 11/306 ഇ | യൂസുഫ് വണ്ണാന്റെ വിട | 30.04.2015 | 01.04.2015 |
| 11/306<br>ബി,എഫ്,ജെ,ഒ,ഇ1 | കുഞ്ഞിമൂസ ചുണ്ടയിൽ<br>മുതൽ പേർ | 21.11.2015 | 01.10.2015 |

<u>3. രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

ഈ ചട്ടപ്രകാരം ലഭിക്കുന്ന ഏതൊരു ഇളവും ഈ ആവശ്യത്തിനായി നിശ്ചയിച്ചിട്ടുള്ള ഫോറം 2 ൽ ഉള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണെന്ന മേൽ ചട്ടം 21(3) ൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും രജിസ്റ്റർ തയ്യാറാക്കി ചേർത്തിട്ടില്ല.

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് നൽകിയ ചട്ടവിരുദ്ധമായ ഇളവ് പരിശോധിച്ച് ഗ്രാമപഞ്ചായത്തിനു വസ്തു നികുതിയിനത്തിൽ സംഭവിച്ച നഷ്ട തുക കണക്കാക്കി ബന്ധപ്പെട്ട കെട്ടിടമുടമകളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് - മാർഗനിർദേശങ്ങൾ പാലിക്കുന്നില്ല

വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നിർദേശിക്കുന്ന 02.07.2013 ലെ സ.ഉ (കൈ) 242/2013/ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തുന്നു.

1. സമയപരിധിക്കുള്ളിൽ അപേക്ഷ നൽകാത്തവർക്കും ഇളവ് നൽകുന്നു

മേൽ ഉത്തരവിലെ ക്രമ നം 7പ്രകാരം എല്ലാ വർഷവും ഏപ്രിൽ 10 ന മുമ്പ് അപേക്ഷ നൽകിയാലേ ആ സാമ്പത്തിക വർഷം വസ്തു നികുതി ഇളവ് അനുവദിക്കാവൂ എന്നു വ്യവസ്ഥയുണ്ടെങ്കിലും ടി തീയതിക്കു ശേഷം ലഭിച്ച താഴെ പറയുന്ന അപേക്ഷയിന്മേലും . 2015-16 ൽ നികുതിയിളവ് നൽകിയതായി കാണുന്നു.

| അപേക്ഷകന്റെ പേര് | അപേക്ഷ നൽകിയ തീയതി | കെട്ടിട നം |
|---|---|---|
| പവിത്ര | 15.03.2016 | 17/39എ |
| ലീലാ ബാലൻ | 19.10.2015 | 2/27 |
| പി കെ കുഞ്ഞി അയിശ | 19.02.2016 | 17/7 |
| കെ പി സത്യനാഥൻ | 06.06.2015 | 17/183 |
| ബാലൻ നെല്ലിയോട്ട് | 04.03.2016 | 1/96 |
| മീനാക്ഷി അമ്മ പി പി | 16.05.2015 | 1/85 |
| മുഹമ്മദ് പി കെ | 29.03.2016 | 16/347 |
| കുഞ്ഞിലക്ഷ്മി അമ്മ | 28.03.2016 | 12/297 |
| കെ ഗോവിന്ദൻ അടിയോടി | 28.03.2016 | 16/337 |
| രാധ പുത്തൻ പുരയിൽ | 29.12.2015 | 5/245 |
| നീന പ്രതാപ് | 10.09.2015 | 8/352എ |

2. രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വസ്തു നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കണമെന്ന ഈ ഉത്തരവിലെ ക്രമ നം 2 ലെ നിർദ്ദേശം പാലിച്ചില്ല.

ഇളവുകൾ നൽകുമ്പോൾ അവ സർക്കാർ നിർദേശങ്ങൾക്കനുസൃതമാവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി വരവ് പരിശോധന – പൊതു അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, 207, 208, 254 എന്നീ വകുപ്പുകളിലായാണ് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയെ സംബന്ധിച്ച അടിസ്ഥാന കാര്യങ്ങൾ പ്രതിപാദിക്കുന്നത്. ഇതിലെ വകുപ്പ് 207 പ്രകാരം ചില ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്.

മേൽ വകുപ്പുകൾക്ക് ചുവട്ട് പിടിച്ച് കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ടു നിലവിൽ വന്ന ആദ്യ ചട്ടമാണ് 28.03.1996 ലെ സ.ഉ (അ) നം.73/96/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച 1996 ലെ കെട്ടിടനികുതിയും അതിന്മേലുള്ള സർചാർജ്ജും ചട്ടങ്ങൾ. ഈ ചട്ടം പ്രകാരം കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യത്തെ അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കിയിരുന്നത്. ഈ ചട്ടങ്ങളെ അതിലംഘിച്ചു കൊണ്ട് 2011 ഏപ്രിൽ 1 പ്രാബല്യത്തീയതിയിൽ 2011 ജനവരി 14 ലെ സ.ഉ (അച്ചടി) നം.20/2011/ ത.സ്വ.ഭ.വ പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നു. പല കാരണങ്ങളാൽ വസ്തുനികുതി പരിഷ്കരണം 01.04.2013 പ്രാബല്യത്തീയതിയിൽ മാത്രമേ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ വന്നുള്ളൂ. തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് ഈ ചട്ടപ്രകാരം വസ്തുനികുതി കണക്കാക്കുന്നത്. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി ഈടാക്കുന്നത് ഈ ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം 14.01.2011 ലെ സ.ഉ (അച്ചടി) നം.19/2011/ ത.സ്വ.ഭ.വ യുടെ അടിസ്ഥാനത്തിൽ ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ ബാധകമാക്കേണ്ട വസ്തു നികുതി നിരക്കുകൾ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വസ്തു നികുതിയിനത്തിൽ വൻ തുക കുടിശ്ശിക വരുത്തി.

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും 25,55,309/- രൂപ തൻവർഷ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. 18,51,573/- രൂപ മാത്രമേ പിരിച്ചിട്ടുള്ളൂ. 7,03,736/- രൂപ കുടിശ്ശികയാണ്.

2014-15 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 12,06,115/- രൂപ പിരിച്ചെടുക്കാനുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് പ്രകാരം കുടിശ്ശികയിനത്തിൽ പിരിച്ചെടുത്ത വസ്തു നികുതി 3,41,530/- രൂപ മാത്രമാണ്. 8,64,585/- രൂപ പിരിച്ചെടുക്കാൻ ബാക്കിയാണ്. 2015-16 വർഷാന്ത്യത്തിൽ ആകെ പിരിച്ചെടുക്കാനുള്ള തുക (ലൈബ്രറി സെസ് ഉൾപ്പെടെ)

| | |
|---|---|
| കുടിശ്ശിക | 7,12,143 |
| തൻ വർഷം | 8,24,201 |
| ആകെ | 1536344/- |

2. സർക്കാർ ഉത്തരവിനനുസൃതമായി സഞ്ചയയിൽ മാറ്റം വരുത്തുന്നതിൽ കാലതാമസം

27.04.2015 ലെ സ.ഉ (കൈ)നം.144/2015/ത.സ്വ.ഭ.വ പ്രകാരം 660 ചതുരശ്ര അടി വരെയുള്ള വാസഗൃഹങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി കൊടുത്തിട്ടുണ്ട്. പിന്നീട് 16.12.2015 ലെ സ.ഉ (കൈ)നം.358/2015/ ത.സ്വ.ഭ.വ പ്രകാരം ഇതിനു സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം നിർദേശിക്കുന്ന മാറ്റങ്ങൾ 10 ദിവസത്തിനകം സോഫ്റ്റ് വെയറിൽ വരുത്തണമെന്നു ഈ ഉത്തരവിലെ ക്രമ നം 6 പ്രകാരം നിർദേശിക്കുന്നുണ്ട്. എന്നാൽ ഈ മാറ്റങ്ങൾ മാസങ്ങൾ എടുത്താണ് സഞ്ചയയിൽ വരുത്തിയിരിക്കുന്നത്.

3. മൊബൈൽ ടവറിനു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 6 മൊബൈൽ ടവറുകളുടെയും നികുതി ഈടാക്കുന്നില്ല. അനുബന്ധകെട്ടിടങ്ങളുടെ നികുതി മാത്രമേ ഈടാക്കുന്നുള്ളൂ.

4. വാണിജ്യ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ എണ്ണവും ഡി ആന്റ് ലൈസൻസ് എടുത്ത കെട്ടിടങ്ങളും തമ്മിൽ വൻ അന്തരം

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച രേഖകൾ പ്രകാരം 2706 കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്കായി നിർമിച്ചവയാണ്. എന്നാൽ 335സ്ഥാപനങ്ങൾക്കേ ഡി ആന്റ് ഒ ലൈസൻസ് ഉള്ളൂ. ബാക്കി കെട്ടിടങ്ങളുടെ ഉപയോഗതരം മാറ്റിയോ അല്ലെങ്കിൽ അവയിൽ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

5. സോഫ്റ്റ് വെയറുകളിൽ നിന്നു ആവശ്യമായ വിവരങ്ങൾ ലഭ്യമാവുന്നില്ല

ഗ്രാമപഞ്ചായത്തിലെ കെട്ടിടനികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന സഞ്ചയ,സാംഖ്യ എന്നീ സോഫ്റ്റ് വെയറുകളിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാകുന്നില്ല.

1. വിവിധ ക്രൈറ്റീരിയകൾ നല്കി അതിനനുസരിച്ചുള്ള റിപ്പോർട്ടുകൾ ലഭ്യമാകുന്നില്ല.

ഉദാഹരണം : ആകെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം തുടങ്ങിയവ

2.. തൻവർഷം എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിക്കാനുണ്ട്.

3. തൻവർഷനികുതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചു.

4. ലൈബ്രറി സെസ് കൂടാതെ തൻവർഷ നികുതിയിനത്തിലും കുടിശ്ശികയിനത്തിലും എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

5. കെട്ടിട നിർമാണം പൂർത്തിയായ തീയതിയുടെയും പെർമിറ്റ് നമ്പറിന്റെയും വിവരം

6. ഒരു ഉടമയുടെ പേര് നൽകി അയാളുടെ പേരിൽ എത്ര കെട്ടിടങ്ങളുണ്ടെന്നോ അതിന്റെ വിശദാംശങ്ങളും.

7. സഞ്ചയ പ്രകാരം തയ്യാറാക്കപ്പെടുന്ന അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിടത്തിന്റെ തറവിസ്തീർണത്തിന്റെ എന്ന വിവരം

8. ഗ്രാമപഞ്ചായത്തിൽ ആകെ എത്ര കെട്ടിടങ്ങളുണ്ട് എന്ന വിവരം

6. നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 പ്രകാരം ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും മറ്റും സെക്രട്ടറി സൂക്ഷിക്കണമെന്ന 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 3(6) പ്രകാരം പ്രത്യേകം നിർദേശിക്കുന്നുണ്ടെങ്കിലും സൂക്ഷിച്ചിട്ടില്ല. കൂടാതെ വസ്തു നികുതിയുമായി ബന്ധപ്പെട്ടു സൂക്ഷിക്കേണ്ട മറ്റു രജിസ്റ്ററുകളിൽ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അസസ്മെന്റ് രജിസ്റ്ററും അല്ലാതെ മറ്റൊരു രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 2-6 തൊഴിൽ നികുതി വരവ്: അപാകതകൾ

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിച്ച ഫോറം V രജിസ്റ്റർ തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി ഉത്തരവ് ജി ഒ.(പി) 143/08/ ത.സ്വ.ഭ.വ തീയ്യതി 27.5.08 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. തൊഴിലാളികളുടെ തൊഴിൽനികുതി ഈടാക്കിയില്ല

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 335 സ്ഥാപനങ്ങളും മറ്റ് രജിസ്റ്ററുകൾ പ്രകാരം 46 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ആകെ 46 സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നു മാത്രമെ തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ. കൂടാതെ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിവിധ പെട്രോൾ പമ്പുകൾ, പാരലൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ

നിന്നും തൊഴിൽ നികുതി റിട്ടേൺ ആവശ്യപ്പെടുകയോ കുടിശ്ശിക വിവരം 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ കാണിക്കുകയോ ചെയ്തിട്ടില്ല. വാർഷികധനകാര്യപത്രിക പ്രകാരം 2015-16 വർഷത്തെ തൊഴിലാളികളുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റും വരവും തുല്യമാണ് .

തൊഴിൽ നികുതി ഈടാക്കാത്തവയുടെ ഉദാഹരണങ്ങൾ താഴെ നൽകുന്നു

- ആർ എ സി യതീംഖാന കടമേരിയിലെ ജീവനക്കാരുടേത്
- അൻസാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ആയഞ്ചേരിയിലെ ജീവനക്കാരുടേത്
- ഗ്രാമപഞ്ചായത്തിലെ ജലനിധി ജീവനക്കാരുടേത്
- അഗ്രികൾചറൽ വർക്കേഴ്സ് വെൽഫയർ കോ ഓപറേറ്റിവ് സൊസൈറ്റിയിലെ ജീവനക്കാരുടേത്.
- ടൈയ്സ് അഡ്വാൻസ്ഡ് കോച്ചിംഗ് സെന്റർ

2. സ്ഥാപന രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ പ്രസ്തുത രീതിയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിച്ചില്ല.

3. റിട്ടേൺ ആവശ്യപ്പെടുകയോ സമർപ്പിക്കുകയോ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിലെ വാണിജ്യ വ്യവസായ പാർപ്പിടേതര ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളിലെ ഭൂരിഭാഗം സ്ഥാപനങ്ങളോടും 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് നൽകുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ചട്ടം 16 (2) പ്രകാരം തൊഴിലുടമ/ഓഫീസ് തലവൻ ഫോറം II ലാണ് റിട്ടേൺ സമർപ്പിക്കേണ്ടത്. ഇതേചട്ടങ്ങളിലെ ചട്ടം 16 (4) പ്രകാരം തൊഴിലുടമ ഫോറം IIൽ റിട്ടേൺ നല്കിയാൽ മാത്രമേ സെക്രട്ടറി തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതുള്ളൂ. എന്നാൽ റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ചുമത്തിയിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്നോ എന്നൊന്നും വ്യക്തമല്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്ന പല വ്യാപാരസ്ഥാപനത്തിൽ നിന്നും തൊഴിലാളികളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

4. നിശ്ചിത ഫോറത്തിൽ (ഫോറം II ൽ) റിട്ടേൺ സമർപ്പിക്കുന്നില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 16 (2) പ്രകാരം തൊഴിലുടമ/ഓഫീസ് തലവൻ ഫോറം II ലാണ് റിട്ടേൺ സമർപ്പിക്കേണ്ടത്. ഇതേചട്ടങ്ങളിലെ ചട്ടം 16 (4) പ്രകാരം തൊഴിലുടമ ഫോറം IIൽ റിട്ടേൺ നല്കിയാൽ മാത്രമേ സെക്രട്ടറി തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതുള്ളൂ. എന്നാൽ പല സ്ഥാപനങ്ങളും ഫോറം II ൽ റിട്ടേൺ നല്കിയിട്ടില്ല. ഫോറം IIൽ ഉൾപ്പെട്ടിട്ടുള്ള പല വിവരങ്ങളും ഉൾപ്പെടുത്താനിടമില്ലാത്ത ഫോറത്തിലാണ് എല്ലാ സ്ഥാപനങ്ങളും റിട്ടേൺ നല്കിയിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹാരം കാണേണ്ടതുമാണ്.

## 2-7 പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി,സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. വകുപ്പ് 209(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് വകുപ്പ് 256 പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 10.08.2005 ലെ സി/5/15853/04 നമ്പർ സർക്കുലറിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പരസ്യനികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ പ്രദർശിപ്പിച്ച പരസ്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ആയവ സ്ഥാപിച്ചതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനു (1/16.12.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

2005 ൽ മാതൃകാ ബൈലോ സർക്കാർ പ്രസിദ്ധീകരിച്ചിട്ടും ഇത്രയും കാലം പരസ്യനികുതി ഈടാക്കാതിരുന്നത് അപാകതയായി ഓഡിറ്റ് കാണുന്നു. പരസ്യനികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള ബൈലോ തയ്യാറാക്കി പരമാവധി വേഗത്തിൽ സർക്കാർ അംഗികാരം വാങ്ങി നടപ്പിൽ വരുത്താനും അനധികൃത പരസ്യങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-8 സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. അനധികൃത കെട്ടിടത്തിൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു.

ആയഞ്ചേരി ടൗണിൽ സ്ഥിതി ചെയ്യുന്ന ശ്രീമതി.സഫിയ കനവത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ 2,3 നിലകൾ പണിതിരിക്കുന്നത് കെട്ടിട നിർമാണാനുമതിയില്ലാതെയാണ്. എന്നാൽ നിർമാണാനുമതിയില്ലാതെ പണിത ഈ കെട്ടിടങ്ങൾക്കെതിരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല. മാത്രവുമല്ല

ടി കെട്ടിടത്തിന്റെ 2,3 നിലകളിലായി രജിസ്ട്രേഷൻ ഇല്ലാതെ അൻസാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എന്ന പേരിൽ ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനത്തിനെതിരെയും ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല. ടി സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഈ സ്ഥാപനത്തെ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ അറിവില്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ആയഞ്ചേരി - തിരുവള്ളൂർ റോഡിൽ സ്ഥിതി ചെയ്യുന്ന ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് മീഡിയം എന്ന പേരിൽ സ്കൂൾ പ്രവർത്തിക്കുന്നതായി പരിശോധനയിൽ ശ്രദ്ധയിൽ പെട്ടു. എന്നാൽ പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തിലെ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുകയോ സ്ഥാപനത്തിൽ നിന്നും തൊഴിൽനികുതി ഈടാക്കുകയോ ചെയ്യുന്നില്ല. ടി കെട്ടിടം നിർമാണാനുമതി നേടിയിട്ടാണോ പണിതത് എന്നുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഈ കെട്ടിടത്തിനു സമീപത്തായി പ്രവർത്തിക്കുന്ന ടെയ്സ് അഡ്വാൻസ്ഡ് കോച്ചിംഗ് സെന്ററും ട്യൂട്ടോറിയൽ രജിസ്ട്രേഷനില്ലാതെയാണ് പ്രവർത്തിക്കുന്നത്. സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുമില്ല.

അനധികൃതമായി നിർമിച്ച ക്രമ നം 1 ൽ സൂചിപ്പിച്ച 2,3 നിലകളുടെ കാര്യത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടത്തിലെ ചട്ടം 138 പ്രകാരമുള്ള നടപടികളും. അനുമതിയില്ലാതെ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനത്തിനെതിരിലും ടെയ്സ് എന്ന സ്ഥാപനത്തിനെതിരിലും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 267 പ്രകാരമുള്ള പിഴ ഈടാക്കേണ്ടതും 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ നിർദേശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലിറ്റിൽ ഫ്ലവർ സ്കൂളിനെതിരെ 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 2-9 അഗ്നിശമന സേനാവിഭാഗത്തിൽ നിന്നും അംഗീകാര സാക്ഷ്യപത്രം ലഭ്യമാകാതെ കെട്ടിടനിർമ്മാണ അനുമതി നല്കി

2015 – 16 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| കെട്ടിട നിർമ്മാണ അപേക്ഷ നമ്പർ | ബിഎ 59 / 15 -16 തീയതിഃ 16.07.2015 |
| പെർമിറ്റ് നമ്പർ | പി നമ്പർ 74 / 15 -16 തിയ്യതി 11.11.2015 |
| അപേക്ഷകർ | കണവത്ത് സഫിയ മുതൽപേർ , മുറിച്ചാണ്ടി (വീട്) ,<br>കടമേരി ( പി.ഒ.) |

| | |
|---|---|
| കെട്ടിടത്തിന്റെ തരം | കമേഴ്സ്യൽ |
| ആകെ പ്ലിന്ത് വിസ്തീർണം | 851.48 എം2 (പാർക്കിങ് ഉൾപ്പെടെ ) |

കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിന് മുൻപ് തന്നെ അഗ്നിശമനസേന വിഭാഗത്തിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിക്കൊള്ളാം എന്ന അപേക്ഷകരുടെ 03.11.15 ലെ അപേക്ഷ പരിഗണിച്ച് കെട്ടിടനിർമ്മാണ പെർമിറ്റ് നല്കിയിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 58 (12) പ്രകാരം തറനിരപ്പിൽ നിന്നും ഇരുനിലകൾ കവിയുന്ന വാണിജ്യ കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിശമനസേന ഡയറക്ടറിൽ നിന്നും അംഗീകാര സാക്ഷ്യപത്രം നേടി , കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതുണ്ട്.ഇപ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെ പെർമിറ്റ് നല്കിയത് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. പെർമിറ്റ് ഒപ്പിട്ട് നല്കിയ സെക്രട്ടറി , പ്ലാൻ പരിശോധിച്ച ഓവർസിയർ എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 IRC സ്പെഫിക്കേഷന് വിരുദ്ധമായി റോഡ് പ്രവൃത്തികളിൽ ക്വാറിപ്പൊടി ഉപയോഗിക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

റോഡ് പ്രവൃത്തികളിൽ സംരക്ഷണഭിത്തി കെട്ടുന്നതിനോടൊപ്പം ഉപരിതലം മണ്ണിട്ടുയർത്തുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്. റോഡ് മണ്ണിട്ടുയർത്തിയതിന് ശേഷം അതേ ഭാഗത്ത് ക്വാറിമക്ക് ഇടുന്നതായും കാണുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലാണ് ക്വാറിമക്കിട്ടതായി പറയുന്നത്. ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ ഡി.ബി 4-7462/2012/സി.ഇ തസ്വഭവ നമ്പർ കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള റോഡ് പ്രവൃത്തികൾ ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ 34-2011, 305-2011 നം. ഇനങ്ങളിൽ വിശദീകരിക്കുന്നുണ്ട്. എന്നാൽ മണ്ണിട്ടുയർത്തിയതിന് മേൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല. ഗ്രാനുലാർ സബ് ബേസ്(granular subbase) ആയിട്ടാണ് ക്വാറിമക്ക് ഉപയോഗിച്ചതെങ്കിൽ ആയത് ഗ്രേഡ് ചെയ്തിരിക്കണമെന്ന് ഐ.ആർ.സി സ്പെസിഫിക്കേഷനിൽ പറയുന്നു. ക്വാറിമക്ക് ഗ്രേഡ് ചെയ്തിട്ടില്ലാത്തതിനാൽ ആ രീതിയിൽ ഉപയോഗിച്ചതിന് ആധികാരികതയില്ല.

മണ്ണിന് പകരം ക്വാറിമക്ക് ഉപയോഗിച്ചത് കാരണം പഞ്ചായത്തിന് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര്, പ്രോജക്റ്റ് നം, എം.ബുക്ക് നം, ചെക്ക്/ ഡി.ഡി നം. | ക്വാറിമക്കിട്ടതിന്റെഅളവും നൽകിയ തുകയും | ക്വാറിമക്കിന് പകരം മണ്ണിട്ടി രുന്നെങ്കിലുള്ള ചെലവ് | അധിക ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5=(4-3) | 6 |
| 1. | കച്ചേരിമുക്ക് പുളിയങ്ങോട്ട് താഴ റോഡ്. S0128/16. എംബുക്ക്നം40/14-15. ചെക്ക്നം 808765/21.01.16 (1,67,020രൂപ) | 43.10എം3@ 937/എം3= 40,384.70രൂപ | 43.10എം3@ 2881/10എം3= 12,417.11രൂപ | 27,967.50 | കരാറുകാരൻ- ELCCS Ltd. |
| 2. | മുക്കടത്തും വയൽ തെക്കെത്തറമ്മൽ റോഡ്. S0061/16. എംബുക്ക്നം37/14-15. ചെക്ക്നം 728705/19.10.15 (6,52,000രൂപ) | 147.60എം3@ 937/എം3= 1,38,301.20രൂപ | 147.60എം3@ 2881/10എം3= 42,523.56രൂപ | 95,777.64 | കരാറുകാരൻ, എം.പി.തുഫൈൽ |
| 3. | കുണ്ട്യാലിൽ മുക്ക് വരയാലിൽ പൊയിലിൽ റോഡ്, S0055/16. എംബുക്ക്നം20/14-15. ചെക്ക്നം 591286/21.04.15 (81,000രൂപ) | 8.10എം3@ 937/എം3= 7589.70രൂപ | 8.10എം3@ 2881/10എം3= 2,333.61രൂപ | 5,256 | കരാറുകാരൻ- ELCCS Ltd. |
| 4. | വലിയമലയിൽ ലക്ഷംവീട് കാരാരി മുക്ക് റോഡ്, 26/16. എംബുക്ക്നം41/14-15. ചെക്ക്നം 288144/07.04.16 (43,000രൂപ) | 4.20എം3@ 937/എം3= 3935.40രൂപ | 4.20എം3@ 2881/10എം3= 1210.02രൂപ | 2725.38 | കരാറുകാരൻ- ELCCS Ltd. |
| 5. | പുറ്റംപൊയിൽമുക്ക് കോരനാണ്ടി റോഡ്, 74/16.എംബുക്ക്നം43/14-15. | 42.413എം3@ 937/എം3= 39740.98രൂപ | 42.413എം3@ 2881/10എം3= 12219.18രൂപ | 27,521.80 | കരാറുകാരൻ- എം.പി.തുഫൈൽ |

| | | | | | |
|---|---|---|---|---|---|
| | ചെക്ക്നം 286542/22.03.16 (1,32,545രൂപ) | | | | |
| 6. | കൂടത്തിൽമുക്ക് കണ്ണാടിയിൽമുക്ക് റോഡ്,166/16.എംബുക്ക്നം94 /14-15. ചെക്ക്നം 288134/07.04.16 (1,88,000രൂപ) | 24.75എം3@ 937/എം3= 23,190.75രൂപ | 24.75എം3@ 2881/10എം3= 7,130.47രൂപ | 16,060.28 | കരാറുകാരൻ- എം.പി തുഫൈൽ |
| 7. | തറമ്മൽ മീത്തൽമുക്ക് തറമ്മൽതാഴ റോഡ്, 96/16.എംബുക്ക്നം16/14-15. ചെക്ക്നം 591290/21.04.15 (90,733രൂപ) | 26.55എം3@ 937/എം3= 24877.35രൂപ | 26.55എം3@ 2881/10എം3= 7649.05രൂപ | 17228.30 | കരാറുകാരൻ- എം.പി തുഫൈൽ |
| 8. | സി.സി പീടിക കണ്ണോത്ത്താഴ റോഡ്, 30/16.എംബുക്ക്നം34/14-15. ചെക്ക്നം 808766/21.12.15 (2,72,381രൂപ) | 20.36എം3@ 937/എം3= 19077.32രൂപ | 20.36എം3@ 2881/10എം3= 5,865.71രൂപ | 13211.61 | കരാറുകാരൻ- കടത്തനാട് ലേബർ കോൺട്രാക്ടേർസ് സൊസൈറ്റി |
| 9. | നെല്ല്യാട്ട്മുക്ക് പേരാമ്പൽ റോഡ്, 29/16.എംബുക്ക്നം12/ 14-15. ചെക്ക്നം / (93,000രൂപ) | 33.713എം3@ 937/എം3= 31589.08രൂപ | 33.713എം3@ 2881/10എം3= 9712.11രൂപ | 21876.37 | കരാറുകാരൻ- ELCCS Ltd. |
| 10. | തലപ്പൊയിൽമുക്ക് പിലാത്തോട്ടത്തിൽ റോഡ്, 239/16. എംബുക്ക്നം32/14-15. ചെക്ക്നം 748154/22.12.15 ( രൂപ) | 13.50എം3@ 937/എം3= 12649.50രൂപ | 13.50എം3@ 2881/10എം3= 3889.35രൂപ | 8,760.15 | കരാറുകാരൻ- എം.പി തുഫൈൽ |

| | | | | | |
|---|---|---|---|---|---|
| 11. | ആനപ്പാറ റോഡ്, 31/16. എംബുക്ക്നം.18/14-15. ചെക്ക്നം 722774/03.06.15 (1,86,000രൂപ) | 50.35എം3@ 937/എം3= 47177.95രൂപ | 50.35എം3@ 2881/10എം3= 14505.83രൂപ | 32672.12 | കരാറുകാരൻ- ELCCS Ltd. |
| 12. | തുലാറ്റും നട കേളോത്ത്മുക്ക് റോഡ്, 58/16. എംബുക്ക്നം11/14-15. ചെക്ക്നം 1. 591294/21.04.15 (78,769രൂപ) 2. 591295/21.04.15 (50,000/-) | 58.95എം3@ 937/എം3= 55,236.15രൂപ | 58.95എം3@ 2881/10എം3= 38,253രൂപ | 16,983.49 | കൺവീനർ കെ. കുട്ടികൃഷ്ണൻ മാസ്റ്റർ |
| 13. | മുക്കടത്തും വയൽ മദ്രസ ചീക്കിലോട് റോഡ്, 57/16. എംബുക്ക്നം19/14-15. ചെക്ക്നം 286543/22.03.16 | 119.10എം3@ 937/എം3= 111596.70 | 119.10എം3@ 2881/10എം3= 34312.71രൂപ | 77283.99 | കൺവീനർ മൊയ്തുഹാജി |
| 14. | വലിയപറമ്പത്ത് മുക്ക് മരുംപൊയിൽ മുക്ക് റോഡ്, 98/16. എംബുക്ക്നം148/14-15. ചെക്ക്നം 287137/31.03.16 (44,000രൂപ) | 17.55എം3@ 937/എം3= 16444.35രൂപ | 17.55എം3@ 2881/10എം3= 5056.15രൂപ | 11388.20 | കരാറുകാരൻ- പി.പി.ബാലൻ |
| 15. | തിരിക്കോട്ട്മുക്ക് വയൂരിടത്തിൽമുക്ക് റോഡ്, 20/16.എംബുക്ക്നം17/14-15. ചെക്ക്നം 591291/21.04.16 (81,000രൂപ) | 58.98എം3@ 937/എം3= 55264.26രൂപ | 58.98എം3@ 2881/10എം3= 16992.13രൂപ | 38272.13 | കരാറുകാരൻ- എം.പി തുഫൈൽ |
| | ആകെ | | | 412985.14 | Rounded to 412986 |

മേൽപറഞ്ഞ എല്ലാ പ്രവൃത്തികളിലും മണ്ണിട്ട് റോഡിന്റെ ഉപരിതലം ഉയർത്തിയ ഭാഗത്ത് തന്നെ ക്വാറിമക്കിട്ട് ഉപരിതലം ഉയർത്തുന്നതിന് ഐ.ആർ.സി സ്പെസിഫിക്കേഷനിൽ വ്യവസ്ഥയില്ല. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (ധനകാര്യം) 26.09.2016 ലെ 718974/Estt-D4/16/ധനം സ്പഷ്ടീകരണ കത്ത് പ്രകാരം റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ, മണ്ണിന്റെ CBR മൂല്യം ഉയർത്തേണ്ട ആവശ്യകതയുണ്ടെന്നും ക്വാറിപ്പൊടി ഉപയോഗിക്കുന്നതുകൊണ്ട് ആകെ പ്രവൃത്തിമൂല്യത്തിൽ കുറവ് ഉണ്ടാകും എന്ന് തെളിയിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഈ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. കൂടാതെ ക്വാറിമക്ക് ഉപയോഗിച്ചതിനാൽ ആകെ പ്രവൃത്തിമൂല്യം കൂടുകയാണ് ചെയ്തിട്ടുള്ളത്. മണ്ണിട്ട് ഉയർത്തുന്നതിന് പകരം ഐആർസി സ്പെസിഫിക്കേഷനിൽ ഇല്ലാത്ത ഇനവും അധികവിലയുള്ളതുമായ ക്വാറിമക്ക് ഉപയോഗിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം വന്ന 4,12,986 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 റോഡ് പ്രവൃത്തികൾ ഭാഗികമായി ചെയ്യുന്നു. പഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ നഷ്ടം വരാൻ സാധ്യത

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പിലാക്കിയ ആകെയുള്ള 59റോഡ് പ്രവൃത്തികളിൽ 26 റോഡ് പ്രവൃത്തികൾ പൂർണ്ണമാക്കാതെ ഭാഗികമായി ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ചിട്ടുണ്ട്. സബ് ബേസ് മെറ്റലിംഗ്, മെറ്റലിംഗ്, പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് എന്നിവ ചെയ്ത് റോഡ് പൂർണ്ണമാക്കാതെ സബ് ബേസ് സോളിംഗ് വരെ മാത്രമായോ മെറ്റലിംഗ് വരെ മാത്രമായോ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്തിരിക്കുന്നു. ചില റോഡ് പ്രവൃത്തികളിൽ മണ്ണ് നിറച്ച് അതിന്മേൽ ക്വാറി വേസ്റ്റ് മാത്രം വിരിച്ചതായും കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്റ്റിന്റെ പേര്, നമ്പർ | ചെലവ് വിവരം |
|---|---|---|
| 1 | ആനപ്പാറ റോഡ്, 31/16 | 151654/- (ചെക്ക്നം.19873/17.4.15) |
| 2. | തുലാറ്റുംനട കേളോത്ത് മുക്ക് റോഡ്, 58/16 | 1. 78760/- (591294/21.04.15)<br>2. 50,000/- (591295/21.04.15) |
| 3. | നടുക്കണ്ടിമുക്ക് കോയിച്ചാംകണ്ടിമുക്ക് റോഡ്, 56/16 | 1. 50,000/- (726064/20.08.15)<br>2. 44,108/- (591293/21.04.15) |
| 4. | കണ്ട്യാലിൽമുക്ക് വരയാലിപൊയിൽ റോഡ്, 55/16 | 2,00,000/- (1. 591286/21.04.15, 2. 726073/21.08.15) |
| 5. | മലമ്മൽതാഴം പുളിയാം വീട്ടിൽ റോഡ്, 53/16 | 1. 1,90,000/- (288667/13.04.16) |

| | | |
|---|---|---|
| | | 2. 1,15,500/- (591285/21.04.15) |
| 6. | പഞ്ചായത്ത് ഓഫീസ് മമ്മിലേരി റോഡ്, 52/16 | 1,00,000/- (288132/07.04.16) |
| 7. | സി.സി പീടിക കണ്ണോത്ത് താഴം റോഡ്, 30/16 | 2,72,381/-, (808766/21.01.16) |
| 8. | നെല്ല്യാട്ട്മുക്ക് പേരാക്കുൽ റോഡ്, 29/16 | 84,000/-<br>ബിൽനം15/18.01.2016 |
| 9. | തലപ്പൊയിൽമുക്ക് പിലാത്തോട്ടത്തിൽ റോഡ്, 239/16 | 60,000/- ബിൽനം28/29.02.2016 |
| 10. | കുവാട്ട് അമ്പലം റോഡ്, 33/16 | 93,000/- (722772/03.06.15) |
| 11. | വലിയപറമ്പത്ത്മുക്ക് മരുംപൊയിൽമുക്ക് റോഡ്, 98/16 | 1. 50,000/- (288138/07.04.16)<br>2. 44,000/- (287137/07.04.16) |
| 12. | തറമ്മൽ മീത്തൽമുക്ക് തറമ്മൽതാഴം റോഡ്, 98/16 | 90,733/-, (591290/21.04.15) |
| 13. | മുക്കടത്തുംവയൽ ഭജനമഠം കുട്ടൻ പറമ്പത്ത്താഴെ റോഡ്, 266/16 | 99,115/- ബിൽനം34/23.03.2016 |
| 14. | കുടത്തിൽമുക്ക് കണ്ണാടിയിൽമുക്ക് റോഡ്, 166/16 | 1,88,000/- (288134/07.04.16) |
| 15. | നടുക്കണ്ടിമുക്ക് കൊയിച്ചാക്കുനി റോഡ്, 250/16 | 92,453/- ബിൽനം32s/23.03.2016 |
| 16. | തിരുവോത്ത്മുക്ക് കോരന്റെ മലയിൽമുക്ക് റോഡ്, 168/16 | 1,88,000/- (288135/07.04.16) |
| 17. | ബാലവാടി കച്ചേരി പറമ്പ് റോഡ്, 25/16 | 1. 4,65,867/- (728704/19.10.15)<br>2. 68,877/- (807425/31.12.15) |
| 18. | തലപ്പൊയിൽമുക്ക് പിലാത്തോട്ടത്തിൽ റോഡ്, 46/16 | 2,99,403/- ബിൽനം11/30.09.2015 |
| 19. | മംഗലാട്ട് കുറ്റിക്കണ്ടിയിൽ മുക്ക് ഉപ്പനാരിമുക്ക് റോഡ്, 109/16 | DD No. 287144/31.03.2016 |

| | | |
|---|---|---|
| 20. | കച്ചേരിമുക്ക് പുളിയത്തോട് താഴ റോഡ്, 128/16 | 1,67,020/-, DD No. 808765/21.12.2015 |
| 21. | തയ്യിൽമുക്ക് റോഡ്, 101/16 | 75,000/-, DD No. 728789/19.12.2015 |
| 22. | മംഗലാട്ട് അമ്പലം പുത്തൻ പുരയിൽ റോഡ്, 108/16 | 1,49,957/-, DD No. 287145/31.03.2016 |
| 23. | കാറ്റോടിമുക്ക് കുരുഞ്ചേരി താഴ റോഡ്, 51/16 | 1,49,557/-, DD No. 287144/31.03.2016 |
| 24. | നങ്ങ്യാറത്ത് താഴ ബാവത്താംകണ്ടി റോഡ്, 44/16 | 1,00,000/- Cheque No. 287138/31.03.2016 |
| 25. | പുറ്റംപൊയിൽമുക്ക് കോരനാണ്ടിമുക്ക് റോഡ്, 74/16 | 1,32,515/- DDNo.286542/ 22.3.2016 |
| 26. | നപ്പറ്റമുക്ക് മംഗലാട്ട് തറമ്മൽ റോഡ്, 92/16 | 1,85,771/- ബിൽനം19/11.01.2016 |

മേൽ പ്രവൃത്തികളിൽ ക്രമ നം. 4,5,10,14,16,17,19&24 എന്നിവ 2016-17വർഷം ടാറിംഗ് നടത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 18 എണ്ണത്തിൽ തുടർ പ്രവൃത്തികൾ തുടർച്ചയായി ചെയ്തില്ലെങ്കിൽ ഈ പ്രവൃത്തികൾ അധികകാലം നിലനിൽക്കില്ല. ആയതിനാൽ റോഡിന് വീണ്ടും സബ് ബേസ് സോളിംഗ്, മെറ്റലിംഗ് എന്നിവ ചെയ്യേണ്ടി വരുമെന്നതിനാൽ പഞ്ചായത്തിന് അധികച്ചെലവ് വരും. റോഡ് പൂർണ്ണമായി നിർമ്മിക്കാതെ ഭാഗികമായി ചെയ്യുന്ന രീതി ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വിവിധ റോഡ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില കണക്കാക്കി നിരക്ക് അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഏതാനും റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് അവലംബിച്ചത്. ഇതിനുപയോഗിച്ച ബിറ്റുമിന് മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിലുള്ള വിലയേക്കാൾ കുറവായതിനാൽ പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചതായി കാണുന്നു. ഡി.എസ്.ആർ കോഡ് 16.30.2, 16.30.1, 16.32.2, 16.4. എന്നിവയാണ് ഇവിടെ ടാറിംഗ് പ്രവൃത്തിക്ക് എടുത്ത ഡാറ്റകൾ. വി.ജി-30 ബിറ്റുമിൻ മാത്രമാണ് ടാറിംഗ് പ്രവൃത്തിക്ക് ഉപയോഗിച്ചത്. കരാർ ഉടമ്പടി വെച്ച തീയതിയിലെ മാർക്കറ്റ് വിലയനുസരിച്ച് മാത്രമേ വി.ജി-30യുടെ നിരക്കിന് കരാറുകാരന് അർഹതയുള്ളൂ. ഇതിന് ഡി.എസ്.ആർ പ്രകാരം 41000 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് കണക്കാക്കിയാണ് കരാറുകാർക്ക് തുക അനുവദിച്ചത്. മരാമത്ത് പ്രവൃത്തിയുടെ മെറ്റീരിയൽ ആഡിക്വസി പ്രകാരം ഉപയോഗിച്ച ബിറ്റുമിനും അതിന് അധികം അനുവദിച്ച തുകയുടെ വിശദാംശവും താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ/ എസ്റ്റിമേറ്റ് തുക/ബിൽ നമ്പർ/തുക | കരാറുകാരന്റെ പേര്/ടെൻഡർ കുറവ്(കോസ്റ്റ് ഇൻഡക്സ്) | മെറ്റീരിയൽ ആഡികുസി പ്രകാരം വിനിയോഗിച്ച ബിറ്റുമിൻ | ഡി.എസ്. ആർ പ്രകാരം ആകെ തുക കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ (ടെൻഡർ കുറവ് കുറച്ച്) | മാർക്കറ്റ് നിരക്ക് പ്രകാരം തുക ,കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7=(5-6) |
| 1. | പടിഞ്ഞാറെക്കണ്ടി ചെമ്പരത്തിക്കണ്ടി റോഡ് 171/16 3 ലക്ഷം രൂപ ബിൽ നം. 35/23.032.16 തുക - 2,82,000/- | എളേടത്ത് ലേബർ കോൺട്രാക്ടേസ് സൊസൈറ്റി , എസ്റ്റിമേറ്റ് റേറ്റ് 1.381 | 1.317 ടൺ 46/14-15 കരാർ തീയതി. 28.11.15 | 1.317 x 41000x 1.381 =74569.85 | 1.317 x 29025 x1.381 = 52790 = | 21779.85 |
| 2. | കുണ്ട്യാലിൽമുക്ക് വരയാലിപൊയിൽ റോഡ് 174/16 3 ലക്ഷം രൂപ ബിൽ നം 30/23. 3.16 തുക - 2,82,000/- | എളേടത്ത് ലേബർ കോൺ ട്രാക്ടേസ് സൊ സൈറ്റി ,എസ്റ്റിമേറ്റ് റേറ്റ് 1.381 | 1.292 ടൺ 45/14-15 കരാർ തീയതി. 28.11.2015 | 1.292 X 41,000 X 1.381 = 73154.33 | 1.292 X 29,025 X 1.381 = 51787.91 | 21366.42 |
| 3. | പള്ളിച്ചാംകണ്ടിമുക്ക് കിളിയൽമുക്ക് റോഡ് 161/16 | സ്വദേശി ലേബർ കോൺട്രാക്ടേസ് സൊസൈറ്റി ,5% കുറവ്, 1.381 | 2.013 ടൺ 151/15-16 പേജ് നം. 23 | 2.013 X 41,000 X 1.381 = 113978.07 (Less 113978.07x5% = | 2.013 X 23,429 X 1.381 = 65131.51 | 43147.66 |

| | | | | | | |
|---|---|---|---|---|---|---|
| | 4.5 ലക്ഷം രൂപ ബിൽ നം.49/30.3.16 തുക -4,01,241/- | | കരാർ തീയതി : 03.03.2016 | 5698.90) = 108279.17 | | |
| 4. | മുക്കടത്തുംവയൽ ഭജനമഠം-ചീക്കിലോട് യു.പി സ്കൂൾ റോഡ് 153/16 2.5 ലക്ഷം രൂപ ബിൽ നം.62/31.3.16 തുക -2,35,000/- | എം.പി. തുഫൈൽ എസ്റ്റിമേറ്റ് റേറ്റ് 1.381 | 1.911 ടൺ 153/15-16 കരാർ തീയതി 26.12.2015 | 1.911 X 41,000 X 1.381 = 108202.73 | 1.911 X 27,429 X 1.381 = 72387.62 | 35815.11 |
| 5. | തലപ്പൊയിൽമുക്ക് ചീക്കിലോട് യു.പി സ്കൂൾ റോഡ് 157/16 7 ലക്ഷം രൂപ ബിൽ നം.59/31.3.16 തുക -2,89,237/- | എം.പി. തുഫൈൽ എസ്റ്റിമേറ്റ് റേറ്റ് 1.381 | 1.161 ടൺ 184/15-16 കരാർ തീയതി. 04.03.2016 | 1.161 X 41,000 X 1.381 = 65,736.98 | 1.161 X 23,429 X 1.381 = 37564.67 | 28172.31 |
| ആകെ | | | | | | 150281.35 Rounded to 150282 |

പ്രവൃത്തികൾക്ക് കരാറുകാരൻ ഉപയോഗിക്കുന്ന ബിറ്റുമിന് മാർക്കറ്റ് റേറ്റ് മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് ടെൻഡറിൽ വ്യക്തമാക്കാത്തതിനാലാണ് ഇത്തരത്തിൽ നഷ്ടം സംഭവിക്കാനിടയായത്. അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 12/23.12.2016 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബിറ്റുമിന് അധികം അനുവദിച്ച തുകയായ 150282/- രൂപ നിർവ്വഹണോദ്യഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തി ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണത്തിൽ ബാഹുല്യം - നടപ്പിലാക്കിയവയുടെ എണ്ണത്തിൽ വൻ കുറവ്

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ആകെ 201 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ടി 4,41,76,606 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 1,41,58,033 രൂപ ചെലവഴിച്ച് 76 പ്രോജക്ടുകൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. അതായത് ആകെ വകയിരുത്തിയ തുകയുടെ 32% മാത്രമാണ് ചെലവഴിച്ചത്. 2015-16 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥയായ 201 മരാമത്ത് പ്രോജക്ടുകളിൽ 125 എണ്ണവും നടപ്പിലാക്കാത്തവയാണ്. നടപ്പിലാക്കിയ 76 പ്രോജക്ടിൽ 10 എണ്ണം സ്പിൽ ഓവർ പ്രോജക്ടുമാണ്. തൻവർഷം നടപ്പിലാക്കിയ ആകെ 59 റോഡ് നിർമ്മാണ പ്രവൃത്തികളിൽ (സ്പിൽ ഓവർ 10 എണ്ണം ഉൾപ്പെടെ) ബഹുവർഷ പ്രോജക്ടുകളായാണ് നടപ്പിലാക്കിയത്. വളരെ ചെറിയ ചെയ്നേജ് ഉള്ള (ശരാശരി 150 മീ.) റോഡ് പ്രവൃത്തിക്ക് 2 വർഷം വരെ നിർവ്വഹണ കാലം അനുവദിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. അതിൽതന്നെ 26 റോഡുകൾ ഭാഗികമായി മാത്രം പൂർത്തിയാക്കിയവയുമാണ്. നടപ്പിലാക്കിയ പ്രോജക്ടുകളിൽ 50,000 രൂപയിൽ താഴെ മാത്രം ചെലവ് വന്ന 6 പദ്ധതികളും ഉൾപ്പെടുന്നു.

മേൽ സാഹചര്യത്തിൽ, അംഗീകരിച്ച പ്രോജക്ടുകളിൽ 32% മാത്രം നടപ്പിലാക്കിയതിനും ബഹുവർഷ പ്രോജക്ടായി ചെയ്നേജ് കുറഞ്ഞ റോഡുകൾക്ക് 2 വർഷം നിർവ്വഹണ കാലം നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-5 പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

ദീർഘകാല ചികിൽസയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ രോഗികൾക്ക് പരിചരണം ലഭ്യമാക്കുക എന്ന ഉദ്ദേശത്തിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. കൂടാതെ കേരള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.11.2013 ലെ സ.ഉ (കൈ) നം 362/2013 ത.സ്വ.ഭ.വ പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7 (ii) യിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തണമെന്ന് നിഷ്കർഷിക്കുന്നുമുണ്ട്. ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| പദ്ധതി നം | 149/2016 | | |
|---|---|---|---|
| അടങ്കൽ | പൊതു വിഭാഗം വികസനഫണ്ട് | | 3,00,000 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 32,350 |
| | തനത് ഫണ്ട് | | 1,67,650 |
| | ആകെ | | 500000 |
| ചെലവഴിച്ചത് | ബിൽ നം. 1/15-16 | 27.06.2015 | 36845 |
| | ബിൽ നം. 2/15-16 | 29.07.2015 | 23740 |

| | | |
|---|---|---|
| ബിൽ നം. 3/15-16 | 24.08.2015 | 25292 |
| ബിൽ നം. 4/15-16 | 16.10.2015 | 23627 |
| ബിൽ നം. 5 /15-16 | 05.01.2016 | 22930 |
| ബിൽ നം. 6/15-16 | 27.01.2016 | 47506 |
| ബിൽ നം. 7/15-16 | 14.03.2016 | 49785 |
| ബിൽ നം. 10/15-16 | 28.03.2016 | 31301 |
| ബിൽ നം. 11/15-16 | 28.03.2016 | 32350 |
| ചെക്ക് നം.0748191 | 23.03.2016 | 118890 |
| ആകെ | | 412266 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ താഴെ പറയുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി നടപ്പിലാക്കേണ്ടത്.

1. സ.ഉ (കൈ) നം.228/2012/ത.സ്വ.ഭ.വ തീയതി 23.08.2012 (2015 ഒക്ടോബർ 28 വരെ പ്രാബല്യം)

2. സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 (2015 ഒക്ടോബർ 29 മുതൽ പ്രാബല്യം)

എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതിയിൽ മേൽ ഉത്തരവുകളിലെ പല നിർദേശങ്ങളും പാലിച്ചതായി കാണുന്നില്ല.

വിശദാംശങ്ങൾ താഴെ നൽകുന്നു.

<u>1. കുടുംബ സംഗമം ആർഭാടരഹിതമായി നടത്തിയില്ല</u>

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.13 പ്രകാരം, രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെയും അവരുടെ കുടുബാംഗങ്ങളുടെയും ഹോം കെയർ ടീമിൽ പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ചുചേർക്കാവുന്നതാണെന്നും അത്തരം സംഗമങ്ങൾ ആർഭാടരഹിതമായി നടത്താൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദേശിക്കുന്നുണ്ട്. ഇങ്ങനെ സംഗമത്തിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണച്ചെലവിലേക്കായി പരമാവധി 60/- രൂപയും മറ്റ് ചിലവിലേക്കായി പരമാവധി 3000/- രൂപയും മാത്രമേ ചെലവഴിക്കാൻ അനുവാദമുള്ളൂ. ആർഭാടരഹിതമായി കുടുംബസംഗമം നടത്തിയിട്ടും കൂടുതൽ തുക ആവശ്യമായി വരികയാണെങ്കിൽ അവ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തണമെന്നും നിർദേശിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് 2015 ഫിബ്രവരി 26,27,28 തീയതികളിലായി ആയഞ്ചേരി ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് സ്കൂളിൽ വെച്ച് നടത്തിയ കുടുംബസംഗമത്തിനായി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ഇനം | ചെലവ് |
|---|---|
| ഭക്ഷണം | 63500 |
| ഫോട്ടോയെടുക്കൽ | 9000 |
| വാടക | 44400 |
| വാഹന ഇന്ധനം | 2,000/ |
| ഡ്രൈവറുടെ കൂലി | 1,050 |
| ഗുഡ്സ് വാഹന വാടക | 6,000 |
| അലങ്കാരം | 2,000 |
| വാഹന വാടക | 1125 |
| പലവക | 13895 |
| ആകെ | 140970 |

കുടുംബസംഗമം നടത്തിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ നൽകുന്നു

1. ആർഭാടകരമായി പരിപാടി നടത്തി

2. 4,983 രൂപയുടെ വൗച്ചർ ഹാജരാക്കിയിട്ടില്ല

3. ഭക്ഷണ ഭക്ഷണേതര ചെലവ് പരിധി ലംഘിച്ചു

4. വാഹന സംബന്ധിയായ ചെലവുകൾക്ക് വ്യക്തതയില്ല

5. രോഗികൾക്ക് യാതൊരു മെച്ചവും നൽകാത്ത ഫോട്ടോ റെക്കോർഡിംഗ് പോലെയുള്ള ഇനങ്ങൾക്ക് തുക ചെലവഴിച്ചു.

6. ക്വട്ടേഷൻ വിളിക്കാതെ സാധനങ്ങൾ വാടകയ്ക്കെടുത്തു.

2. പട്ടിക പ്രസിദ്ധപ്പെടുത്തിയില്ല

സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 ലെ ഖണ്ഡിക 2.5.6 പ്രകാരം ഉത്തരവ് തീയതി

മുതൽ 60ദിവസത്തിനകം പാലിയേറ്റിവ് പദ്ധതിയുടെ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടവരുടെ പട്ടിക ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ ഉത്തരവ് തീയതി കഴിഞ്ഞ് 60 ന ശേഷം പാലിയേറ്റിവ് പദ്ധതിയിൽ നിന്നു തുക ചിലവഴിക്കരുതെന്നും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

3. ഭക്ഷണ ചെലവ് പരിധി മറികടക്കുന്നു.

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.3 പ്രകാരം ഹോം കെയർ ദിവസങ്ങളിൽ ഭക്ഷണ ഇനത്തിൽ ഒരു സന്നദ്ധ പ്രവർത്തകനു/പ്രവർത്തകയ്ക്ക് 60 രൂപ തോതിൽ പരമാവധി 3 പേർക്കേ തുക ചെലവഴിക്കാൻ പാടുള്ളൂ. എന്നാൽ ഉത്തരവ് തീയതിക്കു ശേഷവും സന്നദ്ധ പ്രവർത്തകരല്ലാത്തവരുടെ ഭക്ഷണച്ചെലവുൾപ്പെടെ പ്രതിദിന ഭക്ഷണ ഇനത്തിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്.

4. യോഗം വിളിച്ചില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.2.2(1) സാമ്പത്തിക വർഷാരംഭത്തിൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാവിധ ആരോഗ്യപ്രവർത്തകരെയും, എൻ.എസ്.എസ്- എൻ.സി.സി - എസ്.പി.സി കേഡറ്റ്മാരെയും വിളിച്ചുകൂട്ടി യോഗം വിളിക്കണമെന്നുണ്ടെങ്കിലും നടത്തിയിട്ടില്ല. കൂടാതെ ഇതേ ഉത്തരവിലെ ഖണ്ഡിക 2.2.3 പ്രകാരം അടുത്ത ഒരു വർഷത്തേക്കുള്ള ഹോം കെയർ ടീം രൂപീകരിക്കണമെന്നുണ്ടെങ്കിലും രൂപീകരിച്ചിട്ടില്ല.

5. പാലിയേറ്റീവ് കെയർ ഇമ്പ്ലിമെന്റേഷൻ കമ്മറ്റി

രണ്ടാം ഉത്തരവ് ഖണ്ഡിക 2.4 പ്രകാരം രൂപീകരിക്കേണ്ട മേൽ പറഞ്ഞ കമ്മറ്റി രൂപീകരിച്ചിട്ടില്ല.

6. ഓൺലൈൻ അപ്ഡേഷൻ നടത്തുന്നില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ പിറ്റേന്നോ) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്നുണ്ട്. എന്നാൽ ഐ.കെ.എം ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന്റെയോ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

7. തുടർ പരിശീലനം നൽകിയില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.14 പ്രകാരം പാലിയേറ്റീവിലെ സന്നദ്ധപ്രവർത്തകർക്ക് വർഷത്തിൽ ഒരു തവണ തദ്ദേശ സ്ഥാപന തലത്തിൽ നടത്തേണ്ട ഏകദിന പരിശീലനം നടത്തിയിട്ടില്ല.

8. ഹോണറേറിയം സമയ പരിധിക്കുള്ളിൽ നൽകുന്നില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.8.11 പ്രകാരം പാലിയേറ്റീവ് നഴ്സിന ജോലി ചെയ്തതിന്റെ അടുത്ത മാസം 10 നകം ഓണറേറിയം നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ല.

ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ജോലി ചെയ്ത മാസം | ഓണറേറിയം നൽകാനായി തുക പിൻവലിച്ച തീയതി |
|---|---|
| 04/15,05/15 | 27.06.2015 |
| 06/15 | 29.07.2015 |
| 07/15 | 24.08.2015 |
| 08/15 | 16.10.2015 |
| 09/15 | 05.01.2016 |
| 10/11,11/16 | 27.01.2016 |
| 12/15,01/16 | 14.03.2016 |
| 02/16 | സാമ്പത്തിക വർഷാന്ത്യം വരെ നൽകിയിട്ടില്ല. |

9. ചെലവുകൾ ബാങ്ക് അക്കൗണ്ട് വഴി നടത്തുന്നില്ല

രണ്ടാം ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനു ശേഷം പാലിയേറ്റീവ് ഇനത്തിൽ ചെലവഴിക്കുന്ന ഭക്ഷണച്ചെലവ് ഒഴികെയുള്ള എല്ലാ ചെലവും പണം നൽകേണ്ടയാളുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തേ നടത്താവൂ എന്ന ഖണ്ഡിക 2.10.8 പ്രകാരമുള്ള വ്യവസ്ഥ പൂർണമായി നടപ്പിലാക്കിയിട്ടില്ല.

10. രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

രണ്ടാം ഉത്തരവ് പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | | രണ്ടാം ഉത്തരവിലെ ബന്ധപ്പെട്ട ഖണ്ഡികയുടെ നം |
|---|---|---|
| 1. | പി.എം.സിയുടെ ഹാജർ , മിനുട്സ് | 2.3.2 |
| 2. | പി.ഐ.സി യുടെ ഹാജർ, മിനുട്സ് | 2.4.2 |
| 3. | അനുബന്ധം 9 പ്രകാരമുള്ള പ്രതിമാസ പ്രവർത്തന – അവലോകന മിനുട്ട്സ് | 2.3.2, 2.4.2, 7.1 |
| 4. | പേഷ്യന്റ്സ് സ്റ്റാറ്റസ് റിപ്പോർട്ട് | 2.5.7 |
| 5. | ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ | 2.6.2(7) |

| | | |
|---|---|---|
| 6 | ഹോം കെയർ റിപ്പോർട്ട് ബുക്ക് | 2.6.3(5) |
| 7 | വളണ്ടിയേഴ്സ് രജിസ്റ്റർ | 2.6.3(8) |
| 8 | സബ് സ്റ്റോക്ക് രജിസ്റ്റർ | 2.6.4 |
| 9 | സ്പെഷൽ ഒ.പി രജിസ്റ്റർ | 2.6.7(1) |
| 10 | റിവ്യൂ രജിസ്റ്റർ | 2.6.7(1) |
| 11 | ട്രീറ്റ്മെന്റ് രജിസ്റ്റർ | 2.6.7(1) |
| 12 | സ്റ്റാഫ് ആന്റ് വളണ്ടിയേഴ്സ് അറ്റന്റസ് രജിസ്റ്റർ | 2.6.7(5) |
| 13 | വാട്ടർ ബെഡ് , വീൽ ചെയർ, കമ്മോഡ് ആന്റ് അതർ അപ്ലയൻസ് മൂവ്മെന്റ് രജിസ്റ്റർ | 2.6.8 |
| 14 | പേഷ്യന്റ്സ് സ്റ്റാറ്റിസ്റ്റിക്സ് രജിസ്റ്റർ | 2.6.13 |
| 15 | ഇവന്റ്സ് ഡയറി | 2.6.15 |
| 18 | കാഷ് ആന്റ് അസറ്റ് ഡൊണേഷൻ രജിസ്റ്റർ | 2.7.3 |
| 19 | വരവ് ചെലവ് കണക്ക് പുസ്തകം | 2.7.5 |
| 20 | അനുബന്ധം 5 പ്രകാരമുള്ള കരാർ ഉടമ്പടി | 2.8.6 |

11. തൊഴിൽ സംരഭങ്ങളെ കുറിച്ചാലോചിക്കുന്നില്ല

രണ്ടാം ഉത്തരവ് ഖണ്ഡിക 2.6.12 പ്രകാരം രോഗികൾക്കാവശ്യമായ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭം തുടങ്ങുന്നതിനാവശ്യമായ സഹായങ്ങളും വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടത്താമെന്ന നിർദേശിക്കുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച നടപടപകളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിനു 2016 ഫിബ്രവരി 26,27,28 തീയതികളിൽ കുടുംബ സംഗമം നടത്തുന്നതിനു മുമ്പ് 29.10.2015 ന ഇറങ്ങിയ ഉത്തരവ് മെഡിക്കൽ ഓഫീസർക്ക് ലഭിച്ചിട്ടില്ല എന്നും ചെലവുകൾക്കെല്ലാം ക്വട്ടേഷൻ വിളിച്ചിട്ടുണ്ടെന്നും വാടകയും മറ്റ് ചെലവുകളും ഡി ഡി ആയി മാത്രമായിട്ടാണ് നൽകിയതെന്നും മറുപടി നൽകിയിട്ടുണ്ട്. ഉത്തരവ് ലഭിച്ചിട്ടില്ല എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല.

കുടുംബ സംഗമത്തിനു ചെലവായ തുകയിൽ രോഗികൾക്ക് യാതൊരുപകാരവും ചെയ്യാത്ത ഫോട്ടോയെടുപ്പ്, അലങ്കാരം എന്നിവക്കായി ചെലവായ 11000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നിർവഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്. വൗച്ചർ ഹാജരാക്കാത്തതിനാൽ 4983 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മാർഗരേഖ പാലിക്കാതെ ഭക്ഷണവിതരണം നടത്തി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 17 പ്രൈമറി വിദ്യാലയങ്ങളിലെത്തുന്ന കുട്ടികൾക്ക് രാവിലെ പൊടിയരികഞ്ഞി നല്കുവാനാണ് പ്രഭാത പോഷകം പദ്ധതി നടപ്പിലാക്കിയത്.

| | | |
|---|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ | |
| പദ്ധതി പേര്/നമ്പർ | പ്രഭാത പോഷകം 148/2016 | |
| ഭ.സ അംഗീകാരം | 18/25.03.2015 | |
| അംഗീകാരം നം / അംഗീകാരം നൽകിയ മേലുദ്യോഗസ്ഥൻ | 5/16.05.2015 ശ്രീ സദാനന്ദൻ, എ.ഇ.ഒ തോടന്നൂർ | |
| അടങ്കൽ | തനത് ഫണ്ട് | 100000 |
| ചെലവഴിച്ച തുക | 84800/- | ചെക്ക് നം. 748180/11.03.2016 41800/-<br>ചെക്ക് നം. 748122/15.09.2015 43000/- |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

- 16/11/2013ലെ സ.ഉ (കൈ) നം 362/2013/ത.സ്വ.ഭ.വ. ഉത്തരവിലെ അനുബന്ധം 10 പ്രകാരം അങ്കണവാടി പോഷകാഹാരം, നിർധനരായ രോഗികൾ ആശുപത്രിയിൽ കഴിയുന്ന സമയങ്ങളിലുള്ള ആഹാരം, ബഡ്സ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണം, പട്ടിക വർഗക്കാരായ വിദ്യാർഥികൾക്ക് പാകം ചെയ്ത ഭക്ഷണം എന്നീ പറഞ്ഞ വിഭാഗങ്ങൾക്ക് മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളൂ. മറ്റ് വിഭാഗങ്ങൾക്കുള്ള പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഒന്നും തന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളതല്ല.
- സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ വരുന്നതാകായാൽ അതുമായി ബന്ധപ്പെട്ട ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്.
- ഗ്രാമപഞ്ചായത്തിന് സംസ്ഥാന സർക്കാരിൽ നിന്നും കൈമാറികിട്ടിയിട്ടുള്ളത് ആകെ ഒരു അപ്പർ പ്രൈമറി വിദ്യാലയം മാത്രമാണ് (പറമ്പിൽ യു.പി. സ്കൂൾ). എന്നാൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈമറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും പോഷകാഹാരം വിതരണം നടത്തിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166, ഉപവകുപ്പ്(1), പട്ടിക 3 (x) പ്രകാരം സർക്കാർ പ്രീ - പ്രൈമറി സ്കൂളുകളുടേയും, പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പാണ് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദനീയമായ ചുമതല. ഇതിൽ നിന്നും വ്യതിചലിച്ചാണ് സ്വകാര്യ മാനേജ്മെന്റുകൾ സ്ഥാപനങ്ങളിലെ

വിദ്യാർഥികൾക്കുൾപ്പെടെ പ്രയോജനം ലഭിക്കുന്ന രൂപത്തിൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സ്കൂളുകളിൽ പോഷകാഹാര വിതരണ പരിപാടികൾ നടപ്പാക്കിയതിനും ഗ്രാമപഞ്ചായത്തിനു കൈമാറികിട്ടിയിട്ടില്ലാത്ത വിദ്യാലയങ്ങളിൽ പദ്ധതി പണം ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-7 സ്പോർട്സ് ഉപകരണങ്ങൾ വിതരണം നടത്തിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 17 പ്രൈമറി വിദ്യാലയങ്ങളിലേക്ക് സ്പോർട്ടസ് കിറ്റുകൾ വാങ്ങി നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. സ്പോർട്സ് ഉപകരണങ്ങൾ, എജ്ജു മാൾ, വടകര എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ | |
| പദ്ധതി പേര്/നമ്പർ | സ്പോർട്സ് ഉപകരണങ്ങൾ 141/2016 | |
| ഭ.സ അംഗീകാരം | 18/25.03.2015 | |
| അംഗീകാരം നം / അംഗീകാരം നൽകിയ മേലുദ്യോഗസ്ഥൻ | 3/16.05.2015 ശ്രീ സദാനന്ദൻ, എ.ഇ.ഒ തോടന്നൂർ | |
| അടങ്കൽ | പൊതുവിഭാഗം വികസന ഫണ്ട് | 15000 |
| ചെലവഴിച്ചത് | 15000/- (ബിൽ നം 4/15-16 31.03.2016 15000/-) | ഡി ഡി 287469/ 02.04.2016 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166ഉപവകുപ്പ്(1) പട്ടിക - 3 പ്രകാരം കായികവിനോദ മേഖലയിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുകയാണ് ഗ്രാമപഞ്ചായത്തിനു അനുവദിച്ച ചുമതല. സ്കൂൾ വിദ്യാർത്ഥികളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കേണ്ടത് വിദ്യാഭ്യാസ വകുപ്പും, കേരള സംസ്ഥാന കായിക കൗൺസിലുമാണ്. [സ.ഉ. (എം.എസ്) നം.10/08/ പൊ.വി. തീയ്യതി. 07.01.2008, സ.ഉ.(എം.എസ്) നം 217/08/ പൊ.വി. തീയ്യതി. 11.11.2009 എന്നീ ഉത്തരവുകൾ കണ്ടാലും]
- 16.11.2013ലെ സ.ഉ (കൈ) നം.362/2013/ത.സ്വ.ഭ.വ (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് നിയമം പ്രകാരം അനുവദനീയമായ ചുമതലകളിൽ നിന്ന് വ്യതിചലിച്ച് വിദ്യാഭ്യാസ വകുപ്പ്, കായിക കൗൺസിൽ എന്നിവരുടെ

ചുമതലയിലുള്ള പ്രവർത്തനങ്ങൾക്കാണ് പദ്ധതി പണം ചെലവഴിച്ചിരിക്കുന്നത്.

- പഞ്ചായത്ത് രാജ് നിയമം പ്രകാരം സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പാണ് ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദനീയമായ ചുമതല. ഇതിൽ നിന്നും വ്യതിചലിച്ചാണ് സ്വകാര്യ മാനേജ്മെന്റുകൾ നടത്തുന്ന വിദ്യാലയങ്ങളിലേക്കും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയത്.

2012-13,2013-14 വർഷങ്ങളിലും ഈ ഇനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ മേൽ നിർദ്ദേശം പാലിക്കുന്നതിനോ, സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനോ ശ്രമിക്കാതെയാണ് തുടർ വർഷത്തിലും പദ്ധതി നടപ്പാക്കിയത്. ചെലവ് തുക 15000/- ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-8 കൊതുക് നശീകരണത്തിനായി മരുന്നു തളിക്കൽ - പാഴ്ച്ചെലവ്, മാർഗരേഖയ്ക്ക് വിരുദ്ധം

ഗ്രാമപഞ്ചായത്തിൽ കൊതുക് നശീകരണത്തിനു മരുന്ന് തളിക്കാനായിട്ടാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് . മരുന്ന് തളിക്കലിനു കൂലിയായി 24375 (ദിവസം 375/-) രൂപയും മറ്റുള്ളവയ്ക്കായി 625 രൂപയും ചേർത്ത് ആകെ 25,000/- രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചിരിക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു

| | | |
|---|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | |
| പദ്ധതി പേര്/നമ്പർ | കൊതുക് നിർമാർജനം 144/2016 | |
| ഭ.സ അംഗീകാരം | 02/08.01.2016 | |
| അംഗീകാരം നം /അംഗീകാരം നൽകിയ മേലുദ്യോഗസ്ഥൻ | 75(5)/16.01.2016 ഡോ കെ പി ഉസ്മാൻ | |
| അടങ്കൽ | തനത് ഫണ്ട് | 25000 |
| ചെലവഴിച്ചത് | 25000/- | ചെക്ക് നം. 748192/23.03.2016 25000/- |

മേൽ പദ്ധതി നടപ്പിലാക്കിയതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ നൽകുന്നു

1. 2015 ഡിസംബറിൽ പൂർത്തീകരിക്കാനായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നടപ്പിലാക്കിയത് 2016 മാർച്ചിലാണ്. കെട്ടിനിൽക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നത് തടയാനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ മഴയ്ക്കോ വെള്ളക്കെട്ടിനോ സാധ്യതയില്ലാത്ത മാസങ്ങളിൽ നടപ്പിൽ വരുത്താനാണ് പദ്ധതി വിഭാവനം ചെയ്തതും നടപ്പിലാക്കിയതും.

2. 16.11.2013ലെ സ.ഉ (കൈ) നം. 362/2013/ത.സ്വ.ഭ.വ ലെ ഉത്തരവിലെ അനുബന്ധം 7 (v) പ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾ , ബോധവൽകരണങ്ങൾ. സർവേകൾ,പ്രത്യേക ശുചീകരണങ്ങൾ എന്നിവ

ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ജീവനക്കാർ , എൻ.ആർ.എച്ച്.എം എന്നിവ വഴി ചെയ്യണമെന്നാണ് നിർദേശിച്ചിരിക്കുന്നത്. എന്നാൽ ഇവരെ ഉപയോഗപ്പെടുത്താതെയാണ് പദ്ധതി നടപ്പിലാക്കിയത്.

3. മേൽ പദ്ധതിക്കു മരുന്നു വാങ്ങിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല,

ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 പാചക തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് വിതരണം - പദ്ധതി പ്രയോജനം ചെയ്തില്ല

ഗ്രാമപഞ്ചായത്തിൽ കടകളിലും ഹോട്ടലുകളിലും നിർമാണ മേഖലകളിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിശോധനയും അവർക്ക് ഹെൽത്ത് കാർഡ് വിതരണവും നടത്തുവാനും അതു വഴി പകർച്ചവ്യാധി ഇല്ലാതാക്കുവാനുമാണ് പദ്ധതി വിഭാവനം ചെയ്തത്. മേൽ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | | |
|---|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | |
| പദ്ധതി പേര്/നമ്പർ | ആരോഗ്യ പരിശോധനയും ഹെൽത്ത് കാർഡ് വിതരണവും 192/2016 | |
| ഭരണസമിതി അംഗീകാരം | 18/25.03.2015 | |
| അംഗീകാരം നം / അംഗീകാരം നൽകിയ മേലുദ്യോഗസ്ഥൻ | 75(8)/2015 16.05.2015 ഡോ കെ പി ഉസ്മാൻ | |
| അടങ്കൽ | തനത് ഫണ്ട് | 100000/- |
| ചെലവഴിച്ചത് | ബാനർ | 800 |
| | ചായയും ചോറും | 4275 |
| | 200 പാചക തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് | 1000 |
| | കവർ | 880 |
| | ഫോട്ടോ | 12190 |

| | | |
|---|---|---|
| | ലാബ് ഫീ | 28850 |
| ആകെ | | 47995 |

മേൽ പദ്ധതി നടപ്പിലാക്കിയതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ നൽകുന്നു.

1. 16.11.2013ലെ സ.ഉ (കൈ) നം.362/2013/ത.സ്വ.ഭ.വ ലെ ഉത്തരവിലെ അനുബന്ധം 7 (v) പ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾ ,ബോധവൽകരണങ്ങൾ. സർവേകൾ, പ്രത്യേക ശുചീകരണങ്ങൾ എന്നിവ ആരോഗ്യവകുപ്പിലെ ബന്ധപ്പെട്ട ജീവനക്കാർ , എൻ.ആർ.എച്ച്.എം എന്നിവ വഴി ചെയ്യണമെന്നാണ് നിർദേശിച്ചിരിക്കുന്നത്. എന്നാൽ ഈ സംവിധാനങ്ങളെയൊന്നും പ്രയോജനപ്പെടുത്താതെ സ്വകാര്യ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2. ക്യാമ്പിൽ എത്ര പേർ പങ്കെടുത്തു എന്നും അവയിൽ എത്ര പേർ അന്യസംസ്ഥാന തൊഴിലാളികളുണ്ട് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3. കടകളിലും ഹോട്ടലുകളിലും നിർമാണ മേഖലകളിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിശോധന നടത്താനുദ്ദേശിച്ച നടപ്പിലാക്കിയ പദ്ധതിയിൽ പാചക തൊഴിലാളികൾക്ക് മാത്രമേ കാർഡ് വിതരണം ചെയ്തതായി കാണുന്നുള്ളൂ.

4. മേൽ പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങൾ, പരിശോധനയിൽ ഫിറ്റ്നെസ്സ് ഇല്ല എന്നു കണ്ടെത്തിയവർക്ക് നൽകിയ തുടർ നിർദേശങ്ങൾ, പദ്ധതി കൊണ്ട് ഗ്രാമപഞ്ചായത്തിനുണ്ടായ നേട്ടങ്ങൾ ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിച്ചിട്ടില്ല.
ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പാലുൽപാദന ഇൻസന്റീവ് വിതരണം - കാലിത്തീറ്റ വിതരണക്കാർക്ക് തുക നല്കിയതിലെ അവ്യക്തത

വെറ്ററിനറി സർജ്ജൻ 2015 -16 വർഷത്തിൽ പാലുല്പാദന ഇൻസെന്റീവ് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്ഷീര സൊസൈറ്റികളിൽ നല്കുന്ന പാലിന്റെ അളവിന് അനുസൃതമായി ഒരു ലിറ്ററിന് 3 രൂപ എന്ന നിരക്കിലാണ് ഇൻസെന്റീവ്. ഇൻസെന്റീവ് തുകക്കുള്ള കാലിത്തീറ്റ കേരള ഫീഡ്സ് , മിൽമ എന്നീ ഏജൻസികളിൽ നിന്നും ക്ഷീരസൊസൈറ്റികളിലൂടെ ക്ഷീര കർഷകർക്ക് ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 143 / 2016 |
| വകയിരുത്തിയ തുക | 5 ലക്ഷം രു (വികസന ഫണ്ട്) |
| ചെലവ് | 4,88,469 രു |

| | |
|---|---|
| ഭരണാനുമതി അംഗീകാരം | തീരുമാനം നമ്പർ 18 / 25.03.2015 |
| അംഗീകാരം നല്കിയത് | ഡോ.കെ.ജാൻസി , ഡിസ്ട്രിക്റ്റ് കോ- ഓർഡിനേറ്റർ, എ.ഡി.സി.പി |
| ട്രഷറി ബിൽ നമ്പർ / തീയതി | പി3 / 2015-16 തിയ്യതി 22.03.2016 |

കടമേരി ക്ഷീരോല്പാദക സഹകരണ സംഘം എന്ന സ്ഥാപനത്തിന് കാലിത്തീറ്റ വിതരണം ചെയ്ത വകയിൽ 2,73,718 രൂപ 24.03.2016 ലെ ചെക്ക് നമ്പർ 286674പ്രകാരം നല്കിയിട്ടുണ്ട്. ഈ സംഘത്തിലേക്ക് കാലിത്തീറ്റ വിതരണം ചെയ്തത് മിൽമ , കാറ്റിൽഫീഡ് പ്ലാന്റ് , മലമ്പുഴ , പാലക്കാട് ' എന്ന സ്ഥാപനമാണ്. എന്നാൽ 2,52,725 രൂപയുടെ കാലിത്തീറ്റ മാത്രമേ മിൽമ , കടമേരി സംഘത്തിലേക്ക് വിതരണം ചെയ്തിട്ടുള്ളൂ. ഇൻവോയ്സ് നമ്പർ 826 /09.04.16 പ്രകാരം 2,25,155/- രൂപയുടേതും 825/ 09.04.16 പ്രകാരം 27,570/- രൂപയുടേതും. മിൽമക്ക് 20,993/- രൂപ അധികം നല്കവാൻ ഇടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. 2,73,718/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-11 എൻ ആർ എച്ച് എം ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം 2015-16 വർഷത്തിൽ എൻ.ആർ.എച്ച്.എം ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 6/16 |
| ഭരണാനുമതി | 18/25.03.2015 |
| അംഗീകാരം നല്കിയത് | ഡോ.സി.പി. അംബുജം , ചീഫ് മെഡിക്കൽ ഓഫീസർ |
| ട്രഷറി ബിൽ നമ്പർ | 2/2015-16 തിയ്യതി 25.06.2015 [മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ് )] |
| മരുന്നുകൾ വിതരണം ചെയ്തത് | ഔഷധി , പരിയാരം. ഇൻവോയ്സ് നമ്പർ 13/27.05.2015 പ്രകാരം |
| ഔഷധിക്ക് തുക കൈമാറിയ | 723027 / 02.07.2015 ( 5 ലക്ഷം രൂപക്ക് ) |

| ഡിഡി നമ്പർ / തിയ്യതി | |
|---|---|

കൈമാറിയ തുകക്ക് ഔഷധിയിൽ നിന്നും രശീത് ലഭിച്ചിട്ടില്ല. രശീത് , മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 തെരുവ് വിളക്കുകൾ വാങ്ങൽ - ക്രൂസിൽ നിന്നും വാങ്ങിയ വിളക്കുകൾക്ക് ഗുണനിലവാരമില്ല – തുടർനടപടി സ്വീകരിച്ചില്ല

2015 -16 വർഷത്തിൽ 'ക്രൂസ് ' എന്ന ഏജൻസിയിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങുന്നതിന് 444188 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെ വാങ്ങിയവയിൽ പലതും പ്രവർത്തിക്കാത്തവയായിരുന്നു എന്ന് ഫയലിൽ കാണുന്നു. വിവരം ഏജൻസിയെ അറിയിച്ചിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 04/16 |
| വകയിരുത്തിയ തുക (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 93767രൂ |
| തനത് ഫണ്ട് | 350421 രൂ |
| ആകെ | 444188 രൂ |
| ചെലവഴിച്ച തുക | 444188 രൂ |
| ഭരണാനുമതി | 18 / 25.03.2015 |
| ക്രൂസിൽ (KREWS) നിന്നും ലഭിച്ച ഇൻവോയ്സ് നമ്പർ | 521 / 12.06.2015 |
| ട്രഷറി ബിൽ നമ്പർ / തിയ്യതി | 03 / 2015 -16 തിയ്യതി 13.07.2016 (93767 രൂ) |
| കൈമാറിയ ഡിഡി നമ്പർ / തിയ്യതി | 724159 / 22.07.2015 ( തുക 93767 രൂ) |
| | 604560 / 24.07.2015 ( തുക 350421 രൂ) |
| ക്രൂസിൽ നിന്നും ലഭിച്ച രശീത് | 783 / 29.07.2015 |
| | 782 / 29.07.2015 |

വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് (രൂ) | നികുതി അടക്കം തുക (രൂ) |
|---|---|---|---|---|
| 1. | 2x15 Watts retrofit CFL street lights | 100 | 1014.64 | 116176.28 രൂ (14.5 % നികുതി നിരക്കിൽ ) |
| 2. | 2x11 Watts CFL street light fittings | 200 | 1144 | 261976 (നികുതി 14.5% നിരക്കിൽ) |
| 3. | CFL 11 Watts 4 pin lamps | 400 | 85.8 | 36036 |
| 4 | ഇൻസ്റ്റലേഷൻ ചാർജ്ജ് | 300 എണ്ണത്തിന് | 100 | 30000 |

| | | | | |
|---|---|---|---|---|
| | | | ആകെ | 444188 രൂപ |

ക്രമനമ്പർ 1,3 എന്നിവയ്ക്ക് 15 മാസത്തേയും ക്രമനമ്പർ 2 ലേതിന് 18 മാസത്തേയും വാറന്റി ഉള്ളതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏജൻസിയുമായി എ.എം.സി ഒപ്പുവെച്ചിട്ടില്ല. പഞ്ചായത്ത് സെക്രട്ടറി 01.09.2016 തിയ്യതിയോടെ എ2 / 917 / 15 നമ്പറായി ക്രൂസ് എം.ഡി ക്ക് അയച്ച കത്ത് പ്രകാരം സപ്ലൈ ചെയ്ത വിളക്കുകളിൽ മിക്കതും പ്രകാശിക്കുന്നില്ല എന്ന് പരാതി അറിയിച്ചിട്ടുണ്ട് . എന്നാൽ ഏതൊക്കെയാണിവ എന്നതിനെക്കുറിച്ച് വ്യക്തതയില്ല. പരാതിയിൻമേൽ ക്രൂസ് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ എന്നതും പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളും വ്യക്തമല്ല.വിശദീകരണം നല്കേണ്ടതാണ്. ക്രൂസ് വിതരണം ചെയ്ത തെരുവ് വിളക്കുകളുടെ നിലവിലെ അവസ്ഥ വിശദീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-13 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുക നൽകിയില്ല

| | | |
|---|---|---|
| പദ്ധതിയുടെ നമ്പറും പേരും | 17/16, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| അടങ്കൽ | 6,74,700/- | ( 3,37,350/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 1,68,675/- ജില്ലാ പഞ്ചായത്ത് വിഹിതം, 1,68,675/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 3,37,350/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബിൽ നം. 17/15-16/22.03.16) |

മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 67 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പ്രൊജക്റ്റ് എല്ലാ ഗ്രാമപഞ്ചായത്തുകളും ഏറ്റെടുക്കേണ്ടതാണെന്നും ഗുണഭോക്താക്കൾക്ക് നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് നൽകേണ്ടതാണെന്നും ആയതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ വകയിരുത്തേണ്ടതാണെന്നും ഗുണഭോക്താക്കൾ ഏത് ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണോ ആ ഗ്രാമപഞ്ചായത്തായിരിക്കണം അവർക്ക് ധനസഹായം നൽകേണ്ടത് എന്നും 16.11.2013ലെ ജി.ഒ (എം.എസ്) 362/2013/തസ്വഭവ നമ്പർ ഉത്തരവിന്റെ അനുബന്ധം 16, ഖണ്ഡിക 5.8ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പ്രൊജക്റ്റിന്റെ അടങ്കൽ തുകയിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതം മാത്രമേ ഗുണഭോക്താക്കൾക്ക് നിൽകിയിട്ടുള്ളു. ജില്ലാ/ബ്ലോക്ക് വിഹിതങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് മൂലം ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ അർഹതപ്പെട്ടതിന്റെ 50% തുക മാത്രമേ നൽകിയിട്ടുള്ളൂ.

പദ്ധതികളുടെ അന്തിമചെലവ് സംബന്ധിച്ച പത്രികയിൽ മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 13975/- രൂപ ചെലവഴിച്ചതായി കാണിച്ചിട്ടുണ്ടെങ്കിലും ആയത് ശരിയല്ല. മുൻവർഷത്തിലെ സമാന പ്രൊജക്റ്റിലെ (09/15) രണ്ട് ഗുണഭോക്താക്ക് നൽകുവാനുണ്ടായിരുന്ന സ്കോളർഷിപ്പ് കുടിശ്ശിക നൽകുന്നതിനാണ് പ്രസ്തുത തുക ഉപയോഗിച്ചിട്ടുള്ളത്.

ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും നൽകാത്തതിനും അന്തിമ ചെലവുപത്രികയിൽ തെറ്റായ വിവരങ്ങൾ നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-14 ടെണ്ടർ നടപടികൾ കൂടാതെ അംങ്കണവാടികളിലേക്ക് ഫർണ്ണിച്ചറുകളും കളിയുപകരണങ്ങളും വാങ്ങി

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | | |
|---|---|---|
| പദ്ധതികളുടെ പേരും നമ്പറും | 304/16, അംഗൻവാടികൾക്ക് കളിയുപകരണങ്ങൾ. | (ചെലവ് 2,40,000/-) |
| | 305/16, അംഗൻവാടികൾക്ക് ഫർണ്ണീച്ചർ | (ചെലവ് 2,40,000/-) |

മേൽ രണ്ട് പ്രൊജക്റ്റുകളിലായി ആകെ 4,80,000/- രൂപ ചെലവഴിച്ച് അങ്കണവാടികളിലേക്ക് കളിയുപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1. കാഡ്കോയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെയാണ് മേൽ വസ്തുക്കൾ വാങ്ങിയിട്ടുള്ളത്. ഇവയിൽ സ്റ്റീൽ അലമാര ഒഴികെയുള്ളവയൊന്നും ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്ന് വാങ്ങാൻ സർക്കാർ അനുമതി ഇല്ലാത്തവയാണ്.
2. സ്റ്റീൽ അലമാരകൾ ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്ന് വാങ്ങാൻ അനുമതിയുണ്ടെങ്കിലും 79X36X19(20G) Steel Almirah with 4 fixed Shelves ന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വില 7967/- രൂപയാണ്. എന്നാൽ 9,998/- രൂപ നിരക്കിലാണ് 7 അലമാരകൾ വാങ്ങിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുവെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 19 /15-16/24.12.16) മറുപടി ലഭ്യമാക്കിയില്ല. അലമാര വാങ്ങിയതിനു അധികമായി ചിലവഴിച്ച തുക (7*1031) 7217 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നേരിട്ടു വാങ്ങാനനുവാദമില്ലാത്ത ഇനങ്ങൾ കാഡ്കോയിൽ നിന്നു വാങ്ങിയ ഇനത്തിൽ ചെലവായ 4,10,014 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-15 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലേക്ക് വാങ്ങിയ ഫിസിയോതെറാപ്പി ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ മനോവികാസ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലേക്ക് 1,19,914/- രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. (ഇതു സംബന്ധിച്ച് 2014-15 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 കൂടി കാണുക.) 23.12.16ന് നടത്തിയ സ്ഥലപരിശോധനയിൽ ഫിസിയോതെറാപ്പി ഉപകരണങ്ങൾ പാക്കിങ്ങ് പോലും പൊളിക്കാതെ റീഹാബിലിറ്റേഷൻ സെന്ററിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഇവ ശാസ്ത്രീയമായി ഉപയോഗിക്കുന്നതിന് പരിശീലനം നൽകാൻ ആരെയും സെന്ററിൽ നിയോഗിച്ചിട്ടില്ല. കൂടാതെ ഇവ ഉപയോഗപ്പെടുത്തുന്നതിനുള്ള സ്ഥലസൗകര്യവും നിലവിലെ സെന്ററിൽ ഇല്ല. സ്ഥലസൗകര്യമില്ലാത്ത സെന്ററിലേക്ക് ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങിയതിനും വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-16 അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്.166(1) പട്ടിക.3 (സി)(xiii) പ്രകാരം അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ മേഖല ചുമതലകളിൽപെടുന്നതാണ്. ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ 37 അങ്കണവാടികളുടെ പ്രവർത്തനം അവലോകനം നടത്തിയതിൽ നിന്നും അങ്കണവാടികളിൽ

പലതിലും പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രമേയുള്ളൂവെന്ന് സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | വാർഡുകളുടെ എണ്ണം | 22 |
| 2 | അങ്കണവാടികളുടെ എണ്ണം | 37 |
| 3 | കുട്ടികളുടെ എണ്ണം | 578 |
| 4 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം | 21 |
| 5 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം | 3 |
| 6 | സൗജന്യമായി ലഭിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം | 13 |
| 7 | അപകടാവസ്ഥയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം | ഇല്ല |
| 8 | വൈദ്യുതീകരിച്ച അങ്കണവാടികളുടെ എണ്ണം | 16 |
| 9 | കുടിവെള്ളം ടാപ്പ് വഴി ലഭ്യമായ അങ്കണവാടികളുടെ എണ്ണം | 16 |
| 10 | കുടിവെള്ളം തീരെ ലഭ്യമല്ലാത്തവയുടെ എണ്ണം | 21 |
| 11 | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് സൗകര്യമുള്ളവയുടെ എണ്ണം | 21 |
| 12 | നിലവിൽ കെട്ടിട നിർമ്മാണം നടക്കുന്ന അങ്കണവാടികളുടെ എണ്ണം | 2 |
| 13 | ചുറ്റുമതിലുള്ള അങ്കണവാടികളുടെ എണ്ണം | 8 |
| 14 | കെട്ടിട നിർമ്മാണം സ്തംഭനാവസ്ഥയിലുള്ള അങ്കണവാടികളുടെ എണ്ണം | ഇല്ല |
| 15 | സ്വന്തമായി ഭൂമിയുണ്ടായിട്ടും കെട്ടിടമുണ്ടാക്കാത്ത അങ്കണവാടികളുടെ എണ്ണം | ഇല്ല |
| 16 | ഭക്ഷണം പാചകം ചെയ്യാൻ അടുക്കള സൗകര്യമുള്ള അങ്കണവാടികളുടെ എണ്ണം | 21 |
| 17 | ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കാൻ വേണ്ടത്ര സൗകര്യമില്ലാത്ത അങ്കണവാടികളുടെ എണ്ണം | -- |

| | | |
|---|---|---|
| | | |
| 18 | ബേബി ചെയർ ഉള്ള അംഗൻവാടികളുടെ വിവരം | 37 |
| 19 | പാചകവാതകം ഉപയോഗിക്കുന്ന അംഗൻവാടികളുടെ വിവരം | 28 |

വളരെ അത്യാവശ്യമായ കുടിവെള്ളം ലഭ്യമല്ലാത്ത 21 അങ്കണവാടികളിൽ ഉണ്ട്. പഞ്ചായത്ത് തലത്തിൽ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തി നടപ്പാക്കാതെ പാഴാകുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടത്ര ശ്രദ്ധ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ്കമ്മിറ്റിയും നൽകിയിട്ടില്ല. 16.11.2013 ലെ (എം.എസ്)362/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് (പദ്ധതി രൂപീകരണ സബ്സിഡി മാർഗരേഖ) ഖണ്ഡിക 11.12 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ മുൻഗണനകളും ആവശ്യകതകളും പരിഗണിച്ചാണ് അടങ്കൽ വകയിരുത്തേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ ഉത്തരവ് അനുബന്ധം.1, ഖണ്ഡിക.9(1) പ്രകാരം അങ്കണവാടികൾക്ക് സ്ഥലം കെട്ടിടം, കുടിവെള്ളം തുടങ്ങിയവക്ക് പ്രാധാന്യം നൽകി പദ്ധതികൾ നടപ്പാക്കാനും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ നിയമപരമായും, അനിവാര്യമായും കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ നടത്താതെയാണ് പഞ്ചായത്ത് ഓരോ വർഷവും വലിയ അളവിൽ ഫണ്ടുകൾ ലാപ്സാക്കുന്നത്. ആയത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിലെ അങ്കണവാടികളിൽ അടിയന്തിരമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. നടപടിക്രമങ്ങളിലെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-17 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം - രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം : സെക്രട്ടറി

2015-16 സാമ്പത്തിക വർഷം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമായി 8 പേർക്ക് 30,000/- രൂപ വീതം ആകെ 2,40,000/- രൂപ നൽകിയിട്ടുണ്ട്.

1) ബിൽ നം. 04/15-16/13-08-15 - 1,20,000/-

2) ബിൽ നം. 20/15-16/15-02-16 - 60,000/-

3) ബിൽ നം. 35/15-16/28-03-16 - 60,000/-

എന്നാൽ തുക ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-18 ചെലവ് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് 2015-16 വർഷം താഴെ പറയുന്ന പദ്ധതികൾക്കായി പട്ടികയിൽ കാണിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട്/ഡി ഡി കൈപ്പറ്റ് രശീതി തുടങ്ങിയ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| | | | | | | |
|---|---|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | വി ഇ ഒ | കൃഷി ഓഫീസർ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| പദ്ധതി നമ്പർ | 273/16 | 288/16 | 9 /2016 | 186 / 16 | 289 /16 | 184 / 16 |
| പദ്ധതിയുടെ പേര് | തെരുവ് നായ്ക്കളുടെ നിയന്ത്രണം | ഐ.എ.വൈ വിഹിത | ഐ.എ.വൈ (ജനറൽ) | ഇഞ്ചി - മഞ്ഞൾ വിത്ത് വിതരണ പദ്ധതി | ഒരു വീട്ടിൽ ഒരു പച്ചക്കറി തോട്ടം | സമഗ്ര നെൽ കൃഷി |
| ഭരണാനുമതി തീരുമാനം നമ്പർ | 22/2015 തിയ്യതി 22.09.2015 | | | 18 / 25.03.2015 | 02 / 08.01.2016 | 01 / 26.03.2016 |
| അംഗീകാരം നമ്പർ | pau3/9/ ayencheri/2015-16<br>തീഃ 22.09.2015 പ്രകാരം | | | AGRI 13 / 15-16 തിയ്യതി 15.05.15 | എ.ഡി.എ / ടി / ആർ 1 / 15-16 തിയ്യതി 16.01.16 | |
| ഫണ്ട്തരം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | വികസന ഫണ്ട് | വികസന ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | | 60000 | 700000 | | | 162361 |
| ചെലവ് | 2,00,000 | 60000 | 640000 | 36000/- | 125000 | 162361 |
| ബിൽ/ചെക്ക് നമ്പർ/തിയ്യതി | 33/15-16 തിയ്യതി 23.03.2016 | 6/15-16 തിയ്യതി 14.03.2016 | 9/15-16 , 30.01.2016, 460000/-<br>10/15-16 , 24.02.2016 , 160000/-<br>14/15-16 , 26.03.2016 , 20000/- | കെ.ബി.എ.04/15-16 29.03.2016 27000 | കെ.ബി.എ03/15-16 തിയ്യതി 29.03.2016 | 01 / 15-16 തിയ്യതി 29.03.2016 തുക 124020 |
| തുക കൈമാറിയ ചെക്ക് / ഡിഡി നമ്പർ/തിയ്യതി | 287237 / 31.03.2016 | 286238/16.03.2016 | | | 289000 / 18.04.2016 | 289001 തിയ്യതി 18.04.2016 |
| തുക കൈമാറിയ സ്ഥാപനം | കോഴിക്കോട് ജില്ലാ പഞ്ചായത്തിന് | തോടന്നൂർ ബ്ലോക്ക് ഓഫീസ് | തോടന്നൂർ ബ്ലോക്ക് ഓഫീസ് | വി.എഫ്.പി.സി.കെ ജില്ല സെന്റർ , സിതാര ബിൽഡിങ് , താമരശ്ശേരി , കോഴിക്കോട് | VFPCK ആലത്തൂർ | കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി , അയ്യന്തോൾ ,തൃശ്ശൂർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| അപാകത | | ബ്ലോക്ക് ഓഫീസിൽ നിന്നുമുള്ള രസീത് നമ്പർ/തിയ്യതി ലഭിച്ചിട്ടില്ല. കൈമാറിയ തുകക്ക് നാളിതുവരേയായും വിനിയോഗ സാക്ഷ്യ പത്രവും ലഭിച്ചിട്ടില്ല. | വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | VFPCK എന്ന സ്ഥാപനത്തിന് 36000/- കൈമാറിയ ഡിഡിയുടെ വിശദാംശങ്ങൾ,മോണിറ്ററിംഗ് റിപ്പോർട്ട്, ഡിഡിയുടെ കൈപ്പറ്റ് രസീത് എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല. | തുക കൈമാറിയ ഡിഡി,പച്ചക്കറി വിത്തുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖ,മോണിറ്ററിങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | അതോറിറ്റിയിൽ നിന്നും ലഭിച്ച രസീത്,മോണിറ്ററിങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല |
| | | 60000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 640000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു | 36000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു | 125000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 124020 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

1.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 22.04.15 | 31,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 31,000 | -- |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുകയൊന്നും നൽകിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാധാ) 407/2010/തസ്വഭവ/ 05.02.2010 | 43,12,886 | 19,13,790 | -- | 23,99,096 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

- ഇല്ല -

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| സാമ്പത്തിക വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,34,80,615.80 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,39,61,620 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,96,985 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,89,018 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | റിമാർക്ക്സ് |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 206493 | ശ്രീമതി സനിഷ പി, അസിസ്റ്റന്റ് എഞ്ചിനീയർ | |
| | | 206493 | ……………………അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് വിവരം ആദ്യമറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. |
| 3-3 | | 75141 | ശ്രീമതി സനിഷ പി, അസിസ്റ്റന്റ് എഞ്ചിനീയർ | |
| | | 75141 | ……………………അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് വിവരം ആദ്യമറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. |
| 3-5 | | 11000 | ഡോ. കെ.എം.ജ്യോതി, പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ | |
| 3-7 | | 15000 | ശ്രീ സുധാകരൻ മേലത്ത്, ഹെഡ് മാസ്റ്റർ (7500) | |
| | | | ശ്രീ സദാനന്ദൻ, എ.ഇ.ഒ തോടന്നൂർ (7500) | |
| 3-14 | | 7217 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ബന്ധപ്പെട്ട ഉദ്യോഗസ്ഥയുടെ പേര് വിവരം ആദ്യമറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. |
| ആകെ | | 596485 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 4983 | ഡോ. കെ എം ജ്യോതി,<br>പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ |
| 3-8 | 25000 | ഡോ. കെ എം ജ്യോതി,<br>പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ |
| | ……... | ഡോ കെ പി ഉസ്മാൻ ( അംഗീകാരം നൽകിയ മെഡിക്കൽ ഓഫീസർ) |
| 3-9 | 47995 | ഡോ. കെ.എം ജ്യോതി,<br>പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ |
| 3-10 | 273718 | ഡോ ശ്രീനേഷ് എസ്.എസ്, വെറ്ററിനറി സർജൻ |
| 3-11 | 500000 | ശ്രീ.മോഹൻ രാജ് വി പി, സെക്രട്ടറി |
| 3-12 | 444188 | ശ്രീ വൽസലൻ കെ ,സെക്രട്ടറി ഇൻ ചാർജ് |
| 3-14 | 410014 | ……………………..,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-18 | 200000 | ശ്രീ.മോഹൻ രാജ് വി പി, സെക്രട്ടറി |
| | 60000 | ശ്രീ സുജിത്ത് ടി വി , അസിസ്റ്റന്റ് സെക്രട്ടറി |
| | 640000 | ശ്രീ ജനീഷ് ടി, വി.ഇ.ഒ |
| | 36000 | ശ്രീമതി ധന്യ ജോയ് സി, കൃഷി ഓഫീസർ |
| | 125000 | ശ്രീമതി ധന്യ ജോയ് സി, കൃഷി ഓഫീസർ |
| | 124020 | ശ്രീമതി ധന്യ ജോയ് സി, കൃഷി ഓഫീസർ |
| ആകെ | 2390918 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സനിഷ.പി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | | വലിയ വീട്ടിൽ വീട്,<br>കടമേരി പി ഒ<br>673542 |
| .....................<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | |
| ഡോ. കെ.എം.ജ്യോതി,<br>പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ | ആയഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ | 'ജ്യോതിർഗമയ'<br>അടക്കാതെരു<br>പഴങ്കാവ്,വടകര |
| ശ്രീ സുധാകരൻ മേലത്ത്,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ,<br>തിരുവള്ളൂർ ഗവ.എം.യു.പി സ്കൂൾ | മേലത്ത്, കോട്ടപ്പള്ളി പി.ഒ, തിരുവള്ളൂർ |
| ശ്രീ സദാനന്ദൻ,<br>എ.ഇ.ഒ, തോടന്നൂർ | | |
| ഡോ.കെ.പി.ഉസ്മാൻ<br>( അംഗീകാരം നൽകിയ മെഡിക്കൽ ഓഫീസർ) | | |
| ഡോ.ശ്രീനേഷ് എസ്.എസ്,<br>വെറ്ററിനറി സർജൻ | | ശ്രേയസ് വീട് കണ്ണോടിപ്പൊയിൽ ബാലുശ്ശേരി |
| ശ്രീ.വൽസലൻ.കെ , സെക്രട്ടറി ഇൻ ചാർജ് | | പുതുക്കുടി വീട്<br>പയ്യോളി പി.ഒ<br>673522 |
| ........................., ഐ.സി.ഡി.എസ് സൂപ്പർവൈസർ | | |

| | | |
|---|---|---|
| ശ്രീ മോഹൻ രാജ് വി.പി, സെക്രട്ടറി | സെക്രട്ടറി,<br>ആയഞ്ചേരി<br>ഗ്രാമപഞ്ചായത്ത് | മാത്തിൽ മീത്തൽവീട്<br>ആയഞ്ചേരി പി.ഒ<br>തിരുവള്ളൂർ വഴി<br>673541 |
| ശ്രീ സുജിത്ത് ടി വി , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>ആയഞ്ചേരി<br>ഗ്രാമപഞ്ചായത്ത് | തെക്കേ വിലാരത്ത്<br>വീട്,<br>പുറമേരി പി.ഒ673503 |
| ശ്രീ ജനീഷ് ടി, വി.ഇ.ഒ | വി.ഇ.ഒ,<br>ആയഞ്ചേരി<br>ഗ്രാമപഞ്ചായത്ത് | താഴെ പട്ടേ പറമ്പത്ത്<br>വീട്, പാലയാട്<br>നട പി.ഒ, 673521 |
| ശ്രീമതി ധന്യ ജോയ് സി,<br>കൃഷി ഓഫീസർ | | ചക്കാലക്കൽ വീട്,<br>വാരാന്തരപ്പള്ളി തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93, 1993-94 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/30.01.2014 | 2 |
| 1994-95 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 2 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി9/967/11/10.8.2011 | 4 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 1 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി9/791(2) /01.08.2011 | 7 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 3 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 2 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 3 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13 / 30.01.2014 | 9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13/ 30.01.2014 | 9 |

| | | |
|---|---|---|
| 2008-09, 2009-10 | എൽ.എഫ്.കെ.കെ.ഡി.പി5/1018/12 / 16.07.2012 | 16 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി5/1893/13 / 30.01.2014 | 8 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി5/877/15/15.9.2015 | 36 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി5/1128/16/24.06.2016 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം</u>

**<u>1</u>**

കെ.എസ്.എ.കെ.കെ.ഡി/ പി5/50/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in

ഫോൺ -0495 2371012
തീയതി- 19.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No. KSA.KKD/P5/50/2017

Kerala State Audit Department

District Audit Office, Kozhikode

Phone - 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated – 19.01.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Ayanchery Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statement of Ayanchery Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode